# വ്യാപാരകേരളം

സമ്പൂർണ മാസികയും വാർത്താപത്രികയും

ലക്കം 10 പേജുകൾ 25 ജനുവരി 2020





## ഇന്ദുലേഖ ഇവിടെയുണ്ട്



## റിഥം ഓഫ് ലൈഫ്



## മലമേലെ സുന്ദരകാഴ്ചകൾ

മുഖച്ചിത്രം: വലയ സൂര്യഗ്രഹണം രാജ്യത്ത്

# എഡിറ്റേഴ്സ് പേജ്



പൗരത്വ ഭേദഗതി നിയമത്തിനെതിരായ പ്രക്ഷോഭത്തിന് ഇനിയും ശമനമായിട്ടില്ല. പ്രതിഷേധങ്ങൾ രാജ്യത്തെ അസ്വസ്ഥമാക്കിയിട്ടുണ്ട്. വിദ്യാർഥികൾ തുടങ്ങിവച്ച പ്രതിഷേധസ്വരം പിന്നീട് രാജ്യമാകെ പടരുകയായിരുന്നു.

ഇതു സംബന്ധിച്ച് ഒരു വിശകലന ലേഖനം ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രശസ്ത പത്രപ്രവർത്തകനായ ഫ്രാങ്കോ ലൂയിസാണ് ലേഖകൻ.

യാത്രകളെ സ്നേഹിക്കുന്ന രണ്ടു പേരുടെ വ്യത്യസ്ത പശ്ചാത്തലത്തിലുള്ള അനുഭവക്കുറിപ്പുകളാണ് ഈ ലക്കത്തിലെ മറ്റൊരു ആകർഷണം. ബ്രിട്ടീഷ് ലൈബ്രറി സന്ദർശനവുമായി ബന്ധപ്പെടുത്തി, 'ഇന്ദുലേഖ ഇവിടെയുണ്ട്' എന്ന കാരൂർ സോമന്റെ ലേഖനമാണ് അതിലൊന്ന്. ഗത്യൈ മലമേഖലയിലെ സുന്ദരകാഴ്ചകൾ വിവരിക്കുന്ന യാത്രാക്കുറിപ്പിന്റെ രചയിതാവ് കഥാകൃത്ത് രേഖ തോപ്പിലാണ്.

കേരളത്തിന്റെ സമഗ്ര വികസനം, വ്യാപാര-വാണിജ്യ മേഖലയുടെ കൂടി സഹകരണവും പുരോഗതിയും കൈവരിക്കുന്നതിലൂടെ സാധ്യമാക്കാം എന്ന ആശയമാണ് രാജേഷ് കുമാർ കെ. പിള്ള പങ്കുവെക്കുന്നത്. പുസ്തകപരിചയം, റിഥം ഓഫ് ലൈഫ്, സിനിമ, മൈതാനം എന്നീ പംക്തികളും ഈ ലക്കത്തിലെ വ്യത്യസ്തത പുലർത്തുന്ന രചനകളാണ്.

പുതുവത്സരദിനത്തിലാണ് വ്യാപാരകേരളം മാസിക പ്രസിദ്ധീകൃതമാകുന്നത്. എല്ലാ മാന്യ വായനക്കാർക്കും ശ്രേയസ്കരമായ പുതുവർഷം ആശംസിക്കുന്നു.

**-സി.ആർ.രാജൻ,**
മാഗസിൻ എഡിറ്റർ

## അറിയിപ്പ്

വ്യാപാരകേരളം.കോം സമ്പൂർണ മാസികയായും വാർത്താപത്രികയായും പരിഷ്കരിച്ചിരിക്കുന്നു. എല്ലാ ഒന്നാം തീയതികളിലും മാസിക പ്രസിദ്ധീകരിക്കും. അതത് ദിവസത്തെ വാർത്തകൾ 'കാപ്സ്യൂൾ' രൂപത്തിൽ **'News'** വിഭാഗത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. തിരക്കേറിയ പ്രഭാതങ്ങളിൽ വാർത്തകൾ സമഗ്രമായി, ചുരുങ്ങിയ സമയംകൊണ്ട് വായിച്ചറിയുവാൻ ഇതുപകരിക്കും.

https://www.vyaparakeralam.com/news.html

ഓഫീസ്:
**വ്യാപാരകേരളം**
(ഓൺലൈൻ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

മാഗസിൻ എഡിറ്റർ:
സി. ആർ. രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
റയൻ ജോസഫ്




# പൊള്ളുന്ന നിയമം, കത്തുന്ന രാജ്യം



ഫ്രാങ്കോ ലൂയിസ്

**ലോ**ക്സഭയും രാജ്യസഭയും പാസാക്കി രാഷ്ട്രപതി ഒപ്പുവച്ചതിനു ശേഷമാണ് പൗരത്വ ഭേദഗതി നിയമം രാജ്യമെങ്ങും കത്തിയത്. പ്രക്ഷോഭങ്ങൾക്കിടെ പോലീസ് വെടിവച്ചു കൊന്നത് 22 പേരെ. എല്ലാ സംസ്ഥാനങ്ങളിലും പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും അരങ്ങേറി. ബിജെപി ഭരിക്കുന്ന ഉത്തർ പ്രദേശിലും കർണാടകത്തിലുമാണ് പോലീസ് പ്രതിഷേധക്കാരെ വെടിവച്ചുകൊന്നത്.

രാജ്യമെങ്ങും അടിയന്തരാവസ്ഥയ്ക്കു സമാനമായ നിരോധനാജ്ഞ പ്രഖ്യാപിച്ചു. നിരോധനാജ്ഞ ലംഘിച്ചും ഡൽഹി അടക്കമുള്ള പ്രധാന നഗരങ്ങളെ ഒരാഴ്ചയിലേറെക്കാലം സ്തംഭിപ്പിച്ചുകൊണ്ട് പ്രക്ഷോഭങ്ങൾ തുടർന്നു. പ്രക്ഷോഭകാരികൾ കോടിക്കണക്കിനു രൂപയുടെ പൊതുമുതൽ തകർത്തു, കത്തിച്ചു.

രാജ്യമെങ്ങും കൂട്ട അറസ്റ്റാണുണ്ടായത്. ഉത്തർപ്രദേശിൽ ആയിരത്തിലേറെ പേരെ അറസ്റ്റു ചെയ്തു. എല്ലാ സംസ്ഥാനങ്ങളിലും ശരാശരി അഞ്ഞുറു പേരെ വീതം അറസ്റ്റു ചെയ്തിട്ടുണ്ട്. ഡൽഹിയിൽ സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി അടക്കമുള്ളവരെ അറസ്റ്റു ചെയ്തു. മദ്രാസ് ഹൈക്കോടതിയുടെ ഉത്തരവനുസരിച്ചു ചെന്നൈയിൽ ജനകീയ മാർച്ചു നടത്തിയ പ്രതിപക്ഷ കക്ഷി നേതാക്കളായ

**ലോക്സഭയും രാജ്യസഭയും പാസാക്കി രാഷ്ട്രപതി ഒപ്പുവച്ചതിനു ശേഷമാണ് പൗരത്വ ഭേദഗതി നിയമം രാജ്യമെങ്ങും കത്തിയത്. പ്രക്ഷോഭങ്ങൾക്കിടെ പോലീസ് വെടിവച്ചു കൊന്നത് 22 പേരെ. എല്ലാ സംസ്ഥാനങ്ങളിലും പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും അരങ്ങേറി. ബിജെപി ഭരിക്കുന്ന ഉത്തർ പ്രദേശിലും കർണാടകത്തിലുമാണ് പോലീസ് പ്രതിഷേധക്കാരെ വെടിവച്ചുകൊന്നത്.**

മൂവായിരത്തോളം പേർക്കെതിരേ തമിഴ്നാട് പോലീസ് കേസെടുത്തു. മുൻ കേന്ദ്ര മന്ത്രി പി. ചിദംബരവും എം.കെ. സ്റ്റാലിനും കനിമൊഴിയുമെല്ലാം ഇക്കൂട്ടത്തിലുണ്ട്.

പൗരത്വ നിയമത്തെ എതിർക്കുന്ന പ്രതിപക്ഷത്തിനു പാക്കിസ്ഥാന്റെ സ്വരമാണെന്നാണു പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞത്. എന്നാൽ ശത്രുക്കൾക്കുപോലും ചെയ്യാൻ സാധിക്കാത്ത കാര്യങ്ങളാണു പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ത്യയിലെ ജനങ്ങളോടു ചെയ്യുന്നതെന്നു കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി. സമ്പദ് വ്യവസ്ഥ തകർക്കാനോ ജനങ്ങളെ ഭിന്നിപ്പിച്ചു കലാപമുണ്ടാക്കാനോ ശത്രുക്കൾക്കു സാധിച്ചിട്ടില്ല. പൗരത്വ നിയമ ഭേദഗതി അടക്കമുള്ള മോ

ദിയുടെ ഓരോ നടപടിയും രാജ്യത്തെ തകർക്കുന്നതാണെന്നാണു രാഹുൽ ഗാന്ധി പറഞ്ഞത്.

മുസ്ലീംകൾക്കു ജീവിക്കാൻ 150 രാജ്യങ്ങളുണ്ട്, ഹിന്ദുക്കൾക്ക് ഇന്ത്യ മാത്രമേയുള്ളൂവെന്നാണ് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ബിജെപി അധ്യക്ഷൻ ജെ.പി. നദ്ദയും കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയും അടക്കമുള്ള ബിജെപി നേതാക്കൾ പറയുന്നത്. ഗൾഫ് രാജ്യങ്ങൾ അടക്കം ലോകരാജ്യങ്ങളിൽ ജീവിക്കുന്ന ഹിന്ദു സഹോദരങ്ങളും ഇന്ത്യയിൽ സുബോധമുള്ളവരും അവരോടു ക്ഷമിക്കട്ടെ. ഇന്ത്യയെ രണ്ട് ദിനോസറുകൾ മാത്രമുള്ള ജുറാസിക് റിപ്പബ്ലിക്കാക്കി മാറ്ററുതെന്നാണ് രാജ്യസഭയിൽ കപിൽ സിബൽ ആരോപിച്ചത്.

ഐക്യരാഷ്ട്ര സഭയും ലോകരാഷ്ട്രങ്ങളും ആശങ്ക പ്രകടിപ്പിച്ച പൗരത്വ ബില്ലിന് എന്താണു കുഴപ്പം. രാജ്യത്തെ ജാതീയമായി വിഭജിക്കുകയും കലാപത്തിനു വഴിവയ്ക്കുകയും ചെയ്ത നിയമത്തിന്റെ അന്തസത്ത എന്താണ്? അതിനു പിറകിലെ വികാരമെന്താണ്?

## നിയമം ഇങ്ങനെ

പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽനിന്നുള്ള മുസ്ലിംകൾക്ക് പൗരത്വം അനുവദിക്കില്ലെന്നാണ് ബില്ലിലെ പ്രധാന നിർദേശം. ഈ മൂന്നു രാജ്യങ്ങളിൽനിന്നുള്ള ഹിന്ദുക്കൾ, സിഖുകാർ, ബുദ്ധമതക്കാർ, ജൈനന്മാർ, പാർസികൾ, ക്രിസ്ത്യാനികൾ എന്നിങ്ങനെ ആറ് മതങ്ങളിൽപെട്ടവർ തുടർച്ചയായി അഞ്ചു വർഷം ഇന്ത്യയിൽ താമസിച്ചിട്ടുണ്ടെങ്കിൽ പൗരത്വം നൽകും.

2014, ഡിസംബർ 31 നു മുമ്പ് ഇന്ത്യയിൽ എത്തിയവർക്കാണ് പൗരത്വം നൽകുക. നേരത്തെ 11 വർഷം ഇന്ത്യയിൽ താമസിച്ചാലേ പൗരത്വത്തിന് അർഹതയുണ്ടായിരുന്നുള്ളൂ.

## മുസ്ലിം അധിനിവേശം

മുസ്ലീംകൾക്കു പൗരത്വം നിഷേധിക്കാൻ കാരണം എന്തെന്നു കേന്ദ്ര സർക്കാർ ഇതുവരേയും വിശദീകരിച്ചിട്ടില്ല. ഇസ്ലാമിക് സ്റ്റേറ്റ്, ജയ്ഷെ മുഹമ്മദ് എന്നിങ്ങനെയുള്ള മുസ്ലീം ഭീകരസംഘങ്ങൾ കൊടികുത്തി വാഴുന്ന രാജ്യങ്ങളാണ് പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നിവ. അഫ്ഗാനിൽ യുദ്ധം തുടരുകയാണ്. ആ രാജ്യങ്ങളിൽനിന്നുള്ളവരുടെ അധിനിവേശം തടയാനാകാം മതേതര രാജ്യമെന്നു ലോകം കരുതുന്ന ഇന്ത്യ മുസ്ലീം വിരുദ്ധ നിയമം പാസാക്കിയത്.

ആസാം, ബംഗാൾ എന്നിവ അടക്കമുള്ള ഏതാനും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ ബംഗ്ലാദേശിൽനിന്നും അഫ്ഗാനിസ്ഥാനിൽനിന്നുമുള്ള നുഴഞ്ഞുകയറ്റക്കാർ സ്ഥിരതാമസമാക്കിയിട്ടുണ്ട്. ബംഗ്ലാദേശ് രോഹിംഗ്യാർ മുസ്ലിം സമുദായാംഗങ്ങളെ രണ്ടു മൂന്നു കൊല്ലമായി പുറത്താക്കുകയാണ്. അവരിൽ വലിയൊരു ഭാഗവും ഇന്ത്യയിലേക്കാണു പലായനം ചെയ്തത്. ഇരു രാജ്യങ്ങളിലേയും പട്ടിണി, ഭീകരഭീഷണി എന്നിവയിൽനിന്നു രക്ഷപ്പെടാൻ ഒരു രേഖയുമില്ലാതെ എത്തി താമസമാക്കിയവർ. പാസ്പോർട്ടും വിസയും മാത്രമല്ല തിരിച്ചറിയൽ രേഖ പോലും ഇല്ലാത്തവർ. അവർ ഇവിടെ പൗരത്വം നേടുന്നതു തടയുകയാണ് പ്രധാന ലക്ഷ്യം.

ബംഗ്ലാദേശിൽനിന്ന് ഒരു രേഖയുമില്ലാതെ കൂലിപ്പണിക്ക് എത്തിയ നിരവധി പേർ കേരളത്തിലുമുണ്ട്. ഉയർന്ന നിരക്കിൽ കൂലി കിട്ടുന്ന കേരളം അവരുടെ ദുബായിയാണ്. ബംഗാളിലും ആസാമിലും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും നുഴഞ്ഞുകയറിയ ഈ കുടിയേറ്റക്കാർ പിന്നീട് വോട്ടർപട്ടികയിൽവരെ ഇടംനേടിയിട്ടുണ്ട്.

## രാഷ്ട്രീയ മുതലെടുപ്പ്

ബിജെപിയെ പിന്തുണയ്ക്കാത്ത ഈ വിദേശികളെ പൗരത്വപട്ടികയിൽനിന്നും വോട്ടർപട്ടികയിൽനിന്നുമെല്ലാം പുറത്താക്കുകയെന്നത് ഒരു രാഷ്ട്രീയ അജണ്ടയാണ്. എന്നാൽ അതിലുമുപരി മുസ്ലിംകൾക്കു നിരോധനം ഏർപ്പെടുത്തുന്നതിലൂടെ മറ്റൊരു രാഷ്ട്രീയ മുതലെടുപ്പുകൂടി ബിജെപിക്കുണ്ട്. മുസ്ലീം വിരുദ്ധതയിലൂടെ ഇന്ത്യയിലെ ഹിന്ദു ജാതി വികാരം ആളിക്കത്തിക്കുക. അങ്ങനെയുണ്ടാക്കുന്ന വർഗീയ ധ്രുവീകരണത്തെ വോട്ടാക്കി മാറ്റാമെന്നാണു ബിജെപി ലക്ഷ്യമിടുന്നത്.

മുസ്ലീംകളും മതേതരവാദികളും പ്രതിഷേധിച്ചു പ്രക്ഷോഭത്തിനിറങ്ങി കലാപമുണ്ടായാലും നേട്ടം ബിജെപിക്കുതന്നെ. ഹിന്ദുക്കൾക്കെതിരേ കലാപം എന്നും ദേശീയതയ്ക്കെതിരേ രാജ്യദ്രോഹം എന്നുമെല്ലാം വ്യാഖ്യാനിച്ച് അക്കൂട്ടർക്കെതിരേ വിദ്വേഷവികാരം ഇളക്കിവിടാം.

സവർണ ഹിന്ദു സർവാധിപത്യം ആർഎസ്എസിന്റെ അജണ്ടയാണ്. അധികാരം നിലനിർത്താൻ സവർണജാതി രാഷ്ട്രീയം പയറ്റുന്ന ബിജെപിക്ക് ആ ഒരൊറ്റ ആ അജണ്ടയേയുള്ളൂ. ഹിന്ദു രാഷ്ട്രം എന്നതാണ് അവരുടെ സങ്കൽപ രാഷ്ട്രം. അതിലേക്കുള്ള സുപ്രധാന ചുവടുവയ്പാണ് ദേശീയ പൗരത്വ ഭേദഗതി ബിൽ.

## ഭരണഘടനാ വിരുദ്ധം

രാജ്യത്തിന്റെ ഭരണഘടന ഉറപ്പുതരുന്ന സമത്വം, മതസ്വാതന്ത്ര്യം, മതേതരത്വം എന്നിവയ്ക്കു വിരുദ്ധമായ വകുപ്പുകളോടെയാണ് പൗര

ത്വ നിയമം പാർലമെന്റ് പാസാക്കിയത്. മതം, ജാതി, ഭാഷ, സംസ്കാരം തുടങ്ങിയവ കാര്യങ്ങളിൽ വിവേചനം അരുതെന്നാണ് ഭരണഘടന ഉറപ്പുതരുന്നത്. അതാണ് പൗരത്വ ഭേദഗതി ബില്ലിലൂടെ ഇല്ലാതാകുന്നത്. പൗരത്വം മതാടിസ്ഥാനത്തിൽ നിർണയിക്കുന്നതും പരിഗണിക്കുന്നതും ഭരണഘടനയെ നിരസിക്കലാണ്. ജനങ്ങളെ വർഗീയതയുടെ അടിസ്ഥാനത്തിൽ വേർതിരിക്കാനാണ് ശ്രമം. മതനിരപേക്ഷമായ ഐക്യമാണു തകർക്കപ്പെടുന്നത്.

രാഷ്ട്രപതി ഒപ്പുവച്ചതോടെ നിയമം പ്രാബല്യത്തിലാകുമെങ്കിലും സുപ്രീം കോടതിയിൽ നിയമയുദ്ധത്തിനു തുടക്കമിടുകയാണ്. ഭരണഘടനാ വിരുദ്ധമായ നിയമം നിലനിൽക്കില്ലെന്നു ചൂണ്ടിക്കാട്ടിയാണ് കോടതിയിൽ ചോദ്യം ചെയ്യുന്നത്.

ഘട്ടംഘട്ടമായി ഭരണഘടന തങ്ങൾക്ക് അനുകൂലമായി പൊളിച്ചെഴുതുകയാണു ബിജെപി. ജമ്മു കാഷ്മീരിനേയും ലഡാക്കിനേയും വിഭജിച്ചു, പ്രത്യേക അവകാശം റദ്ദാക്കി. ഇപ്പോഴിതാ പൗരത്വ ബില്ലും പാസാക്കി. ദേശീയ പൗരത്വ രജിസ്റ്റർ ആദ്യം നടപ്പാക്കിയ ആസാമിലെ 40 ലക്ഷം പേരാണ് ഇന്ത്യൻ പൗരന്മാരല്ലാതായത്.

വർഗീയ അജണ്ടയുള്ള രാഷ്ട്രീയ നേതൃത്വം ഉദ്യോഗസ്ഥരെ ഉപയോഗിച്ചു നിയമം നടപ്പാക്കുമ്പോൾ ഹിന്ദുക്കളല്ലാത്തവരെ ഇന്ത്യക്കാരല്ലാതാക്കുമെന്നാണു പ്രതിപക്ഷവും സാധാരണക്കാരായ ജനങ്ങളും ഭയപ്പെടുന്നത്. ആസാമിൽ അനേകായിരം ഹിന്ദുക്കൾതന്നെ പൗരത്വ രജിസ്റ്ററിൽനിന്നു പുറത്തായിരുന്നു.

## മുന്നോടിയായി സെൻസസ്

ദേശീയ പൗരത്വ നിയമത്തിനെതിരേ രാജ്യവ്യാപക പ്രക്ഷോഭം തുടരുന്നതിനാൽ ഉടനേ പൗരത്വ രജിസ്റ്റർ നടപ്പാക്കാതെ സെൻസസ് (ജനസംഖ്യ) നടത്താനാണു കേന്ദ്ര സർക്കാരിന്റെ തീരുമാനം.

ജനസംഖ്യാ രജിസ്റ്റർ പുതുക്കാൻ 3,941 കോടി രൂപ കേന്ദ്ര മന്ത്രിസഭ അനുവദിച്ചു. പൗരത്വ രജിസ്റ്റർ തയാറാക്കാൻ 9,059 കോടി രൂപയും അനുവദിച്ചു. മൊത്തം 13,000 കോടി രൂപ.

ദേശീയ ജനസംഖ്യാ രജിസ്റ്ററിൽ ഇന്ത്യക്കാർക്കു പേരു ചേർക്കാൻ രേഖകളൊന്നും സമർപ്പിക്കേണ്ട. രാജ്യത്തെ 'സാധാരണ താമസക്കാരുടെ' പട്ടികയാണ് ദേശീയ ജനസംഖ്യാ രജിസ്റ്റർ. കഴിഞ്ഞ ആറ് മാസമോ അതിൽ കൂടുതലോ ഒരു പ്രദേശത്ത് താമസിച്ച വ്യക്തി അല്ലെങ്കിൽ അടുത്ത ആറുമാസമോ അതിൽ കൂടുതലോ ആ പ്രദേശത്ത് താമസിക്കാൻ ആഗ്രഹിക്കുന്ന വ്യക്തിയെയാണ് എൻപിആറിൽ 'സാധാരണ താമസക്കാരൻ' എന്ന പേരിൽ ചേർക്കുന്നത്.

എന്നാൽ പിറകേ വരുന്ന പൗരത്വ രജിസ്റ്ററിൽ പേരു ചേർക്കാൻ രേഖകൾ വേണ്ടിവരും. സ്വന്തം ജനന സർട്ടിഫിക്കറ്റുതന്നെയാണ് പ്രധാന രേഖ. ഇന്ത്യക്കാരൻതന്നെയെന്നു തെളിയിക്കാൻ പൂർവികരുടെ ജനന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ആവശ്യപ്പെടാനും മടിക്കില്ല. ചേരിയിലും കുഗ്രാമങ്ങളിലും വനമേഖലയിലും താമസിക്കുന്ന അനേകായിരങ്ങൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലുണ്ട്. ഒരു രേഖയുമില്ലാത്തവർ. ഇവരുടെ ഗതി എന്താകുമെന്ന ആശങ്ക ഒരു വശത്ത്. എല്ലാ രേഖകളും ഉണ്ടായിട്ടും പൗരത്വം കളഞ്ഞ് തടങ്കലിലിടുമോയെന്നു ഭയപ്പെടുന്ന അനേകായിരം മുസ്ലീം സഹോദരങ്ങൾ മറുവശത്ത്. ഭരണഘടനാ വിരുദ്ധമായ ഈ നിയമത്തിന്റെ വാൾ തങ്ങൾക്കെതിരേയും വീശുമോയെന്ന് ആശങ്കയോടെ കഴിയുന്ന ഇതര ന്യൂനപക്ഷ മതവിശ്വാസികൾ.

## എതിർപ്പ് എൻഡിഎയിലും

പൗരത്വ നിയമ ഭേദഗതി നിയമം നടപ്പാക്കാതിരിക്കാൻ ഒരു സംസ്ഥാനത്തിനും സാധിക്കില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. നിയമം നടപ്പാക്കില്ലെന്നു ചില മുഖ്യമന്ത്രിമാർ പറയുന്നു. ഇതു സാധ്യമാണോയെന്ന് അഡ്വക്കേറ്റ് ജനറലിനോടു ചോദിക്കണം. മുഖ്യമന്ത്രിമാർക്കു സത്യപ്രതിജ്ഞാ ലംഘനം നടത്താനാവില്ല. പ്രധാനമന്ത്രി പറഞ്ഞു.

ബിജെപി പങ്കാളിത്തത്തോടെ ഭരിക്കുന്ന ബിഹാർ ഉൾപ്പെടെ രാജ്യത്തെ പത്തു സംസ്ഥാനങ്ങളുടെ മുഖ്യമന്ത്രിമാരാണ് നിയമം നടപ്പാക്കില്ലെന്നു പ്രഖ്യാപിച്ചത്. കേരളം, പശ്ചിമബംഗാൾ, മധ്യപ്രദേശ്, രാജസ്ഥാൻ, ആന്ധ്രപ്രദേശ്, പഞ്ചാബ്, മഹാരാഷ്ട്ര, ജാർക്കണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങൾ നിയമം നടപ്പാക്കില്ലെന്നു പ്രഖ്യാപിച്ചിട്ടുണ്ട്.

പൗരത്വ നിയമഭേദഗതിക്കെതിരേ എൻഡിഎയിലെ ഘടകകക്ഷികളായ ശിരോമണി അകാലിദളും ബിഹാർ ഭരിക്കുന്ന ജെഡിയുവും രംഗത്തിറങ്ങി. മുസ്ലിംകൾക്കും പൗരത്വം നൽകണമെന്നാണ് ശിരോമണി അകാലിദളിന്റെ ആവശ്യം. എൻഡിഎ യോഗം വിളിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

## തടങ്കൽ പാളയങ്ങൾ

മുസ്ലിങ്ങൾക്കായി രാജ്യത്തു തടങ്കൽപാളയങ്ങൾ ഇല്ലെന്നാണു പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹി രാംലീല മൈതാനയിലെ ബിജെപി സമ്മേളനത്തിൽ പ്രസംഗിച്ചത്. എന്നാൽ ഒരു തവണ ഗൂഗിളിൽ നോക്കിയാൽ ഇന്ത്യയിലെ ത

ടങ്കൽ പാളയങ്ങളെ കാണാമെന്ന് കോൺഗ്രസ്. ആസാമിലെ തടങ്കൽ പാളയങ്ങളിൽ 28 ബംഗ്ലാദേശികളും അഫ്ഗാനിസ്ഥാൻകാരും മരിച്ചെന്ന് ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് രാജ്യസഭയിൽ മറുപടി നൽകിയിരുന്നു.

പൗരത്വ പട്ടികയിൽനിന്ന് പുറത്താകുന്നവരേയും അനധികൃത കുടിയേറ്റക്കാരേയും പാർപ്പിക്കാൻ രാജ്യത്തുടനീളം തടങ്കൽ പാളയങ്ങൾ ഉയരുകയാണ്. ഇതിനുള്ള പണം ചെലവാക്കുന്നത് കേന്ദ്ര സർക്കാർതന്നെയാണ്. കർണാടകത്തിലെ തടങ്കൽ കേന്ദ്രങ്ങൾ ഈ മാസം അവസാനത്തോടെ തുറക്കും. ബംഗളൂരുവിൽനിന്ന് മുപ്പതു കിലോ മീറ്റർ അകലെയാണ് ഈ കേന്ദ്രം.

മഹാരാഷ്ട്രയിൽ തടങ്കൽ കേന്ദ്രങ്ങൾ പണിയാനുള്ള നടപടികൾ നിർത്തിവയ്പിച്ചു. തടങ്കൽ പാളയങ്ങൾ സ്ഥാപിക്കില്ലെന്ന് മുഖ്യമന്ത്രി ഉദ്ധവ് താക്കറെ പ്രഖ്യാപിച്ചിട്ടുണ്ട്.

## രാജ്യദ്രോഹക്കുറ്റം

പൗരത്വ നിയമത്തിനെതിരേ സംസാരിക്കുന്നവർക്കും സമരം നടത്തുന്നവർക്കെതിരേ രാജ്യദ്രോഹക്കുറ്റത്തിനു സമാനമായ കേസുകൾ. ബിജെപിയോ അവരെ പിന്തുണയ്ക്കുന്ന കക്ഷികളോ ഭരിക്കുന്ന സംസ്ഥാനങ്ങളിലാണ് ഈ കപട ദേശസ്നേഹം. സെക്ഷൻ 153 എ, 505 എന്നീ വകുപ്പുകളാണു സമരക്കാർക്കെതിരേ ചുമത്തുന്നത്. മതം, ജാതി, ഭാഷ, ജനന സ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുകയോ ശത്രുത വളർത്തുകയോ ചെയ്തെന്ന കുറ്റമാണ് 153 എ വകുപ്പ്. പോലീസിന്റെ ചുമതല തടസപ്പെടുത്തുകയോ നുണപ്രചരണം നടത്തുകയോ ഭരണകൂടത്തിനെതിരെ കുറ്റകൃത്യങ്ങൾ ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന കുറ്റാണ് 505 എന്ന വകുപ്പിൽ.

## 'മോദിയെ വെറുത്തോളൂ'

'മോദിയെ വെറുത്തോളൂ, ഇന്ത്യയെ വെറുക്കരുതെ'ന്നാണു പ്രധാനമന്ത്രി നരേന്ദ്ര മോദി വികാരനിർഭരമായി പ്രസംഗിച്ചത്. ഡൽഹി രാംലീല മൈതാനിയിലെ ബിജെപി റാലിയിലായിരുന്നു മോദിയുടെ ഈ വികാരപ്രകടനം. അതിനു പിറ്റേന്ന് ജാർക്കണ്ഡ് സംസ്ഥാനത്തെ ജനവിധി പുറത്തുവന്നു. 'ഞങ്ങൾ വെറുക്കുന്നു, നിങ്ങളുടെ നയങ്ങളെ; ഞങ്ങളുടെ നാടിനെ ഞങ്ങൾ സ്നേഹിക്കുന്നു'വെന്നു വിളംബരം ചെയ്യുന്ന ജനവിധിയായി അത്. ജാർക്കണ്ഡിലെ ജനം ബിജെപിയെ ഭരണത്തിൽനിന്നു പുറത്താക്കി. കാഷ്മീരിലെ നടപടികളും പൗരത്വ നിയമവും അയോധ്യയിലെ രാമക്ഷേത്ര നിർമാണവും ഉയർത്തിക്കാട്ടി ഹിന്ദു വികാരം ഇളക്കിവിട്ടു മോദിയും അമിത് ഷായും നയിച്ച പ്രചാരണത്തെ ജനം തിരസ്കരിച്ചു. ആദിവാസികളും ദളിതരും കൂടുതലുള്ള സംസ്ഥാനമാണു ജാർക്കണ്ഡ്.

81 അംഗ നിയമസഭയിൽ തനിക്ക് ജാർക്കണ്ഡ് മുക്തി മോർച്ച– കോൺഗ്രസ് സംഖ്യം ജയിപ്പിച്ചെടുത്തത് 47 പേരെ. ബിജെപി 26 സീറ്റുകളിലേക്ക് ചുരുങ്ങി. മൊത്തം അമ്പതു പേരുടെ പിന്തുണയുമായി ജാർക്കണ്ഡ് മുക്തി മോർച്ച നേതാവ് ഹേമന്ത് സോറൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു.

ഒരു വർഷംകൊണ്ട് ബിജെപിക്ക് നഷ്ടമാകുന്നത് അഞ്ചാമത്തെ സംസ്ഥാന ഭരണം. മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര എന്നിവക്ക് പിന്നാലെയാണ് ജാർഖണ്ഡിലും ബിജെപിക്ക് അധികാരം നഷ്ടമായത്. 2017 ൽ രാജ്യത്തെ 71 ശതമാനം മേഖലയിലും ബിജെപി ഭരണമായിരുന്നെങ്കിൽ ഇപ്പോഴത് 35 ശതമാനമായി കുറഞ്ഞു.

മോദിക്കും അമിത് ഷായക്കും ആശ്വസിക്കാം. പ്രധാനമന്ത്രി സ്ഥാനമോഹികളായ പ്രതിപക്ഷ കക്ഷി നേതാക്കൾ തമ്മിലുള്ള പോരു തുടരുന്നിടത്തോളം കേന്ദ്രത്തിൽ നിങ്ങൾക്കു വിജയം ഉറപ്പാണ്. പ്രതിപക്ഷത്തിന് ഒരു നേതാവിനെപ്പോലും ഉയർത്തിക്കാട്ടാനില്ല. അതാണ് എൻഡിഎയുടെ വിജയം.

പക്ഷേ ഒരു പെൺസിംഹത്തിന്റെ ഗർജനം ബംഗാളിൽനിന്ന് ഉയരുന്നുണ്ട്. കേന്ദ്രത്തിലുള്ള ബിജെപി സർക്കാരിൽനിന്നു ജനാധിപത്യത്തെ രക്ഷിക്കാൻ ഒന്നിച്ചു നിൽക്കണമെന്ന് ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി ബിജെപി ഇതര മുഖ്യമന്ത്രിമാർക്കും മുതിർന്ന രാഷ്ട്രീയ നേതാക്കൾക്കും കത്തയച്ചു. കൂട്ടായ പ്രവർത്തനങ്ങൾ വേണമെന്ന് മമത കത്തിൽ ആവശ്യപ്പെട്ടിരിക്കുകയാണ്.

## വാൽക്കഷണം:

സ്വിസ് ബാങ്കിൽ പണം നിക്ഷേപിച്ച ഇന്ത്യക്കാരുടെ വിവരങ്ങൾ പുറത്തുവിടില്ലെന്ന് കേന്ദ്ര ധനമന്ത്രാലയം. വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യത്തിനാണ് ഇങ്ങനെ മറുപടി. ഇന്ത്യയും സ്വിറ്റ്സർലൻഡും തമ്മിലുള്ള കരാർ പ്രകാരം വിവരങ്ങൾ അതീവ രഹസ്യമാണെന്നും ധനമന്ത്രാലയം വ്യക്തമാക്കി. മറ്റു രാജ്യങ്ങളിൽ നിന്ന് ലഭിച്ച കള്ളപ്പണ കണക്കും ധനമന്ത്രാലയം പുറത്തുവിടില്ലെന്ന് അറിയിച്ചു.

വിദേശ ബാങ്കുകളിലെ കള്ളപ്പണം തിരിച്ചുകൊണ്ടുവന്ന് ഇന്ത്യക്കാരുടെ ബാങ്ക് അക്കൗണ്ടുകളിൽ 15 ലക്ഷം രൂപ വീതം നിക്ഷേപിക്കുമെന്ന 'തള്ള്' മറക്കേണ്ട.




# കേരളവികസനവും ഈസ് ഓഫ് ഡൂയിങ് ബിസിനസ്സും



**രാജേഷ്കുമാർ കെ. പിള്ള,**
ചെയർമാൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ തൃശൂർ ചാപ്റ്റർ

കേരളത്തിന്റെ സമഗ്ര വികസനത്തിന് വ്യപാര വാണിജ്യ രംഗത്ത് പുരോഗതി ഉണ്ടാകേണ്ടതിന്റെ ആവശ്യം നമ്മുടെ നാട്ടിൽ മാറിമാറി വരുന്ന ഭരണ കർത്താക്കൾ മനസ്സിലാക്കുകയും അതിലേക്കായി അവരവരുടേതായ കാഴ്ച്ചപ്പാടിനനുസരിച് മാറ്റങ്ങളും നയരൂപീകരണങ്ങളും നടത്താറുമുണ്ട്. പക്ഷേ പലപ്പോഴും അതിന്റെ പൂർത്തീകരണത്തിനോ, വികാസത്തിനോ ആവശ്യം വേണ്ട പിന്തുടർച്ച വഴിയിൽനഷ്ടമാകുന്നു. ഇത് നമ്മുടെ നാട്ടിൽ വ്യാപാരവാണിജ്യ സമൂഹത്തിന് ചെറുതല്ലാത്ത പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ഈ തുടർച്ച ഇല്ലായ്മയിൽ നിന്ന് സമൂഹത്തിൽ മുഴുവനായും തന്നെ ഉരുത്തിരിയേണ്ടതായ ഒരു വ്യാപാര, വാണിജ്യ സൗഹൃദ സംസ്കാരം കേരളത്തിൽ വളർന്നു വരുന്നതിനു തടസ്സമായില്ലേ എന്ന് സംശയിക്കാം. നമുക്ക് എല്ലാവർക്കും അറിയുന്നതാണ് ഈ നാട്ടിൽഒരുകാലത്തു നിലനിന്നിരുന്ന അതിശക്തമായ ട്രേഡ് യൂണിയൻ സംസ്കാരം. പല സ്ഥാപനങ്ങളും അടഞ്ഞു പോകാൻ അത് കാരണമായതോടെഈ സംസ്ഥാനം ട്രേഡ് യൂണിയനുകളുടെ വിളനിലമാണെന്ന കീർത്തി ചാർത്തിക്കിട്ടി. കേരളത്തിന്റെ പൊതുവെ ഉള്ള സാമൂഹിക സാംസ്കാരിക ഉന്നമനത്തിന്റെ പ്രതിഫലനമാണ് തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവും ചൂഷണത്തിനെതിരെ പ്രതികരിക്കാനുള്ള ധൈര്യവുംഎന്ന വസ്തുത വിസ്മരിക്കുന്നില്ല. എങ്കിലും സാരംഭകൻ ചൂഷകനും വർഗ ശത്രുവുമായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട് ചരിത്രത്തിൽ.

ഇമ്പേൾഡ് ബാങ്ക് ലോകരാജ്യങ്ങളിൽ വ്യവസായിക സൗഹൃദ നിലമെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ് (Ease of doing business ) ഏർപ്പെടുത്തി. ഈ റാങ്കിങ് കൂടുതൽ നിക്ഷേപ സൗഹൃദ രാജ്യങ്ങളെഒന്നുമുതൽ താഴേക്ക് എന്നക്രമത്തിൽ തരംതിരിച്ചിരിക്കുന്നു. ഈപട്ടികയിൽ ഇന്ത്യയുടെ റാങ്കിങ് 63ആണ് 2019ലെ റിപ്പോർട്ട് പ്രകാരം. റാങ്കിങ്ങിൽ ഒരു കുതിച്ചു ചാട്ടം തന്നെ യാണ് നമ്മുടെ രാജ്യത്തിനുണ്ടായത്. ഇതിനു പ്രധാനകാരണമായി ചൂണ്ടി കാണിക്കുന്നത് രാജ്യത്ത് നടപ്പിലാക്കിയ പല സാമ്പത്തിക പരിഷ്കാരങ്ങളും ബിസിനസ് സമൂഹത്തിനും പ്രത്യേകിച്ചു ബാങ്കിംഗ് സ്ഥാപനങ്ങൾക്ക് കിട്ടാക്കടം തിരിച്ചു പിടിക്കാൻ വലിയൊരളവു വരെ സഹായകമായ Inoslvency and Bankruptcy Code (IBC) ആണ്. മാത്രമല്ല ബിസിനസ് സ്ഥാപനങ്ങൾ ഇന്ത്യയിൽ ആരംഭിക്കുന്നതിനുള്ള കാലതാമസംകുറക്കാനെടുത്ത നയപരമായ സമീപനങ്ങളും, സർക്കാർ സംവിധാനങ്ങളിൽ കമ്പ്യൂട്ടർ അധിഷ്ഠിത സാങ്കേതിക വിദ്യയുടെ കടന്നുവരവുമൂലം അഴിമതിയും, കെടുകാര്യസ്ഥതയും നല്ലൊരു പരിധിവരെ പരിഹരിക്കപ്പെട്ടതും ഒക്കെ അതിന്റെതായ പങ്ക് വഹിച്ചു.

ഇന്ത്യയിൽ ഇപ്പോൾ ഒരു കമ്പനി രെജിസ്റ്റർചെയ്യാൻ ഒരു ദിവസം കൊണ്ട് സാധിക്കും. എന്നാൽ കമ്പനിനിയമത്തിൽ ഇപ്പോഴുള്ള പലേ procedures ഉംcompliance cost കൂട്ടുന്നതാണെന്ന ആക്ഷേപം നിലനിൽക്കുന്നുമുണ്ട്.

### Ease of doing business -കേരളത്തിൽ

ഇന്ത്യയിലെ സംസ്ഥാങ്ങളിൽ ഡിപ്പാർട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി and പ്രൊമോഷൻ (DIPP Govt.India )നടത്തിയease of doing business survey അനുസരിച്ച് കേരളം 2017-18 ൽ 21ആം സ്ഥാനത്താണ്. ഒന്നാം സ്ഥാനത്തു ആന്ധ്ര പ്രദേശും രണ്ടാം സ്ഥാനത്തു തെലുംഗാനയും. കേരളത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായും വ്യാപാര വാണിജ്യ രംഗത്തേക്ക് കടന്നുവരാൻ സാരഭകർക്കു വിലങ്ങു തടിയായി നിൽക്കുന്ന പല ഘടകങ്ങളെയും ലഘൂകരിക്കാനും കുറെയേറെ നടപടികൾ സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. വളരെ ശ്രദ്ധേയമായ കാര്യംഇത്തരം ശ്രമങ്ങൾ വ്യാവസായിക വകുപ്പ് മന്ത്രിക്കു പുറമെ മു

ഖ്യമന്ത്രി നേരിട്ടിടപെടുന്നു എന്നത് തന്നെ. സർക്കാരിന്റെ ഉപദേശകരായി നിയമിച്ചിട്ടുള്ള ആഗോള consulting സ്ഥാപനമായ കെപിഎംജി യുടെ നേതൃത്വത്തിൽപലേ നടപടികളും സ്വീകരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. അത്തരത്തിൽ ഉള്ള നയരൂപീകരണ നടപടികളുടെ ഭാഗമായി കഴിഞ്ഞ 14ന് (14-12-2019) ഹോട്ടൽ Le Meridian, ൽ വച്ചു മുഖ്യമന്ത്രിയും സർക്കാരിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയും KPMG, KSIDC, തുടങ്ങിയ സ്ഥാപങ്ങളുടെ പ്രതിനിധികളും കേരളത്തിലെ corporate professionals ആയ Chartered Accountants, Company Secretaries, Cost Accountants എന്നിവരുടെ പ്രതിനിധികളുമായി ഒരുകൂടികാഴ്ച നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽഎനിക്കും പങ്കെടുക്കാൻ കഴിഞ്ഞു. വ്യാപാരി വ്യവസായ സമൂഹത്തിന്റെ പ്രശ്നങ്ങൾ വളരെ അടുത്തറിയുന്നവരും പ്രയോഗികതലങ്ങളിൽ കേരളത്തിലെ ഈ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ അടുത്തറിയുന്നവരും, ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ളവരുമായ ഈ ഗ്രൂപ്പുമായി മുഖ്യമന്ത്രി നടത്തിയ മീറ്റിംഗ് വളരെ പ്രയോജനം ചെയ്തു എന്ന് മുഖ്യമന്ത്രി മറുപടിപ്രസംഗത്തിൽ പറയുകയുണ്ടായി, മാത്രമല്ല ഈ മീറ്റിംഗ് കുറച്ചുകൂടി നേരത്തെ നടത്തേണ്ടിയിരുന്നില്ലേ എന്ന സന്ദേഹം പങ്കു വയ്ക്കുകയുമുണ്ടായി. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഹെവി ഇൻഡസ്ട്രീസ്, hazardous ഇൻഡസ്ട്രീസ്, ധാരാളം ഭൂമി ആവശ്യമായ ഇൻഡസ്ട്രീസ്മുതലായവ വരുന്നതിനുള്ള പ്രായോഗിക തടസ്സം മുൻനിർത്തി, മറ്റു വ്യാപാരവ്യവസായ സാധ്യതകളാണ് ആരായേണ്ടതെന്ന അഭിപ്രായം ഉണ്ടായി. സംരംഭകർക്ക് പ്രചോദനം നല്കുന്ന പലേ നയങ്ങളും കേരളത്തിൽ സർക്കാർരൂപീകരിച്ചിട്ടുണ്ടെകിലും അവ പ്രവർത്തികമാക്കുന്നതിൽ ഉദ്ദേശിച്ച മുന്നേറ്റം ഉണ്ടായിട്ടില്ല എന്നത് വസ്തുതയാണ്. തൊഴിൽ രംഗത്ത് മലയാളികളുടെ സേവനം ലോകത്തെല്ലായിടത്തും അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, കേരളത്തിൽ ആ സാധ്യത പൂർണമായും പ്രയോജനപെട്ടിട്ടില്ല എന്നത് ഒരു വസ്തുതയാണ്.

15.12.2019ൽ തലേ ദിവസത്തെ പരിപാടിയുടെ തുടർച്ച എന്നോണം, കേരളത്തിലെ വ്യാപാരവ്യവസായ സമൂഹത്തിലെ പ്രതിനിധികളുമായും മുഖ്യമന്ത്രി നേരിട്ട് സംവദിക്കുകയുണ്ടായി. അവിടെയും പ്രതിനിധികളിൽ നിന്നും നേരിട്ട് നിർദേശങ്ങൾ സ്വീകരിക്കുകയും പൊതുവായ പ്രശ്നങ്ങൾക്ക് മുഖ്യമന്ത്രി സർക്കാരിന്റെ കാഴ്ചപ്പാട് നേരിട്ട് പറയുകയും ചെയ്തു. വളരെ ശ്രദ്ധേയമായ കാര്യം ആ രണ്ടു ദിവസങ്ങളിലെ മീറ്റിംഗുകളിലും മുഖ്യമന്ത്രി നേരിട്ട് തന്നെ നിർദേശങ്ങൾ തന്റെ ഡയറിയിൽ കുറിച്ചെടുത്തു എന്നത് തന്നെ. അതിന്റെ തുടർ നടപടികൾ ഉണ്ടാകും എന്ന് പ്രതീക്ഷിക്കാം. Ease of doing business തടസ്സം നിൽക്കുന്നവയെ നമുക്ക് രണ്ടായി തിരിക്കാം, (1) Entry barrier എന്നും (2) Sustainability barrier എന്നും

## Entry Barriers

ഈ പദം അർഥമാക്കുന്നത്പോലെ ഒരു പുതിയ സംരംഭകന് നമ്മുടെ നാട്ടിൽ ഒരു പുതിയ സംരഭം ആരംഭിക്കുന്നതിനുള്ള ഭൗതിക, സാങ്കേതിക, നിയമ സംവിധാനങ്ങളുടെ സമയോചിതമായ ലഭ്യതയുടെ കുറവിനെയാണ് അർത്ഥമാക്കുന്നത്. ഒരു സംരംഭകൻ തനിക്കേറ്റവും യോജിച്ച സ്ഥാനം കണ്ടെത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങളാണ് പ്രധാനമായും പരിഗണിക്കുക.;

1. Natural reosurces
2. Human capital
3. Sound infrastructure
4. Speedy approvals from Govt. Agencies
5. Easiness in mobilizing capital
6. Closeness to the targeted market

മുകളിൽ വിവരിച്ചതിൽ സർക്കാരിന്റെ നിയന്ത്രണത്തിലുള്ളവ natural reosurces, infrastructure, regulatory approvals എന്നിവയാണ്. ഇവയുടെ നിയന്ത്രണം സുതാര്യമായും കാര്യക്ഷമമായും കൈകാര്യം ചെയ്താൽ തന്നെ ഒരു സംരഭകന്റെ ആൽമവിശ്വാസം ഇരട്ടിയാകും. സർക്കാർ സംവിധാനം പ്രവർത്തിക്കുന്നത് പലതട്ടുകളിലാണ്. പഞ്ചായത്തു രാജ് സംവിധാനത്തിൽ അധികാര വികേന്ദ്രീകരണം ത്രിതല സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു ഉദ്യോഗസ്ഥനോ ഒരു കൂട്ടം പേരോ ചേർന്നാൽ ഒരുസംരംഭകന്റെ സ്വപ്നങ്ങൾ തകർത്തു കളയാൻ സാധിക്കും എന്നതിന് സമീപ കാലത്തു നാം ഒരു രക്തസാക്ഷിയിൽ കൂടി അറിഞ്ഞു. ഇവിടെ സർക്കാർ ചില ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. 2018ലെ കേരള വ്യവസായിക പോളിസി യുടെ ഭാഗമായി സംസ്ഥാനത്താകമാനം ഉത്പാദക, വിതരണ, വിപണന, സേവന രംഗത്തേക്ക് കേരളത്തിൽ നിക്ഷേപിക്കാൻ താല്പര്യം ഉള്ളവർക്കായി വിവിധ അനുമതികൾക്ക് സർക്കാർ ഏജൻസികൾ പാലിക്കേണ്ട സമയ ക്രമം നിജപ്പെടുത്തിയിട്ടുണ്ട്. ഇതിനായി www.invest.kerala.gov.in എന്ന വെബ്സൈറ്റിൽ കൊടുത്തിരിക്കുന്നു .(refer menu-investors zone-know your approvals) മാത്രമല്ല വേണ്ട അനുമതിയും, ഇഷ്യൂ ചെയ്യുന്നഡിപ്പാർട്മെന്റ്, അനുമതിക്കായി നൽകേണ്ട ഡോക്യൂമെന്റ്സ് തുടങ്ങിയ വിവരങ്ങൾ കൂടി കൊടുത്തിരിക്കുന്നു. അതിലെ പ്രധാനപ്പെട്ട ഏതാനുംഅനുമതിക്ക് നിജപ്പെടുത്തിയിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു .

| Permit | Timeline |
|---|---|
| Electrical inspectorate | 10days for industries up to 1MW of connected load |
| Factories and boilers- factory plan approval | 90days from the dt. Of submission of completed application |
| Department of mining for quary permit | 90to180 days depending on the nature of operations and permit required. |

Food and safety department Within 7 days may grant registration or reject with reaosns or order inspection.

If inspection is carried out registration to be granted within 30 days.

Pollution control Board 30 to 120 days on submission of completed application

Panchayth, Municipality, corporation Issue of building and development permit

15 days subject to other required permissions

Occupancy certificate-15 days.

-do- Trade, factories, services and other licences- 7days.

മാത്രമല്ല പല ലൈസെൻസ് കൾക്കും അപേക്ഷ നൽകി 15ദിവസത്തിനകം മറുപടി ലഭിച്ചില്ലെങ്കിൽ അനുമതി ലഭിച്ചതായി കണക്കാക്കാം എന്നും വ്യവസായിക നയത്തിൽ Ease of doing business ന്റെ ഭാഗമായി പറയുന്നുണ്ട്. തല്പരരായ സംരംഭകർ മുകളിൽ പറഞ്ഞ വെബ് സൈറ്റ് ദയവായി പരിശിധിക്കുവാൻ താത്പര്യപ്പെടുന്നു.

Ease of doing business എന്ന ലക്ഷ്യത്തെ മുൻ നിർത്തി സർക്കാർ മുന്നോട്ട് വച്ച ഈ പരിഷ്കാരങ്ങൾ ശ്ലാഘനീയമാണ്. എന്നാൽ സർക്കാരിന്റെ ഈ നയത്തിന് അനുസൃതമായി സർക്കാരിന്റെ എല്ലാ സംവിധാങ്ങളും ഉദ്യോഗസ്ഥ വൃന്ദവും ഒരുപോലെ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്.

**Sustainability Barrier.**

ഒരു സംരംഭം വിജയകരമായി നിലനിന്നു പോകേണ്ടത് ആ സംരംഭകന്റെ മാത്രമോ, അദ്ദേഹത്തോടൊപ്പം പണിയെടുത്തു കുടുംബം പുലർത്തുന്നവരുടെയോ ആവശ്യം മാത്രമല്ല. മറിച്ച് സമൂഹത്തിന്റെ മുഴുവനും, ആ സംസ്ഥാനത്തിന്റെയും, രാജ്യത്തിന്റെയും ആവശ്യം തന്നെ. വിജയകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പുതുതായി സംരംഭക രംഗത്തേക്ക് കടന്നു വരുന്നവർക്ക് വലിയ മാതൃകയും പ്രചോദനവുമാണ്. കൂടാതെ വ്യാപാര, വാണിജ്യ, വ്യവസായിക സ്ഥാപനങ്ങൾ നാട്ടിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുംസർക്കാരിന് കൂടിയ അളവിൽ നികുതി വരുമാനം കണ്ടെത്താനും കഴിയും.സർക്കാരിന് പശ്ചാത്തല വികസനം, മറ്റു ജനോപകാര പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ ചെയ്യുവാൻ റെവന്യൂ വരുമാനം കൂട്ടേണ്ടത് അത്യാവശ്യമാണ്.ബിസിനസ് സ്ഥാപനങ്ങളുടെ വിജയകരമായ നിലനിൽപിന് താഴെ പറയുന്ന ഘടകങ്ങൾ പ്രസക്തമാണ്.

A. Change in Govt.policy.

B. Change in technology and demand for huge investments.

C. Poor or insufficient infrastructure

D. Employee unrest,

E. Social unrest

F. Fragile economic conditions

G. Lack or depletion in essential reosurces.

മുകളിൽ വിവരിച്ചവ പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്നത് ഈ ഘടകങ്ങൾ മിക്കതും തന്നെ സാമൂഹികമായ പശ്ചാത്തലത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളുടെ പ്രതിഫലനമാണ്.അത് പലപ്പോഴും ഒരു സംരംഭകന്റെ നിയന്ത്രണത്തിന് പുറത്തുള്ളവയാണെന്നതാണ്. നാട്ടിൽ രൂപംകൊള്ളുന്ന ഓരോ സ്ഥാപനങ്ങളുംസമൂഹത്തിന്റെ നാഡീസ്പന്ദനങ്ങളാണെന്നു തിരിച്ചറിയേണ്ടതും അവയുടെ നിലനില്പിന്ന് അനുസൃതമായ സാമൂഹിക അന്തരീക്ഷം ഉണ്ടാക്കുകയും നിലനിർത്തുകയും ചെയ്യേണ്ടത് സമൂഹത്തിന്റെ പൊതുവായ കർത്തവ്യമാണ്. സർക്കാരിന്റെ സത്വരമായ ഇടപെടലുകൾ അത്തരം സ്ഥാപനങ്ങളുടെ നിൽനിൽപിനു ആവശ്യമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഞാൻ മുകളിൽ സൂചിപ്പിച്ച വ്യവസായികളും മുഖ്യമന്ത്രിയും തമ്മിലുള്ള സംവേദനത്തിൽ ഏറ്റവും കൂടുതൽ നിറഞ്ഞു നിന്നത് സർക്കാരിന്റെ ഒരു നയം മാറ്റത്തിന്റെ പരിണിത ഫലത്തെക്കുറിച്ചായിരുന്നു. പ്ലാസ്റ്റിക്, പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായികൾ വരുന്ന ജനുവരി 1മുതൽ നിലവിൽ വരുന്ന പ്ലാസ്റ്റിക് നിരോധനം എങ്ങിനെ നേരിടും എന്ന ആശങ്ക പങ്കുവയ്ക്കുകയുണ്ടായി. രാജ്യത്ത് നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ചു എല്ലാ ലൈസൻസ് കളും എടുത്ത് ആരംഭിച്ചിട്ടുള്ള ഈ ബിസിനസ് സംരംഭകർ തുടർന്ന് വരുന്ന വലിയ പ്രതിസന്ധിയാണ് നേരിടേണ്ടിവരിക.ബാങ്കിൽ നിന്നുംമറ്റും കടം എടുത്ത കോടികൾ അവർ ബിസിനെസ്സിൽ മുതൽ മുടക്കിയിട്ടുണ്ട്. നഷ്ടപെടുന്ന തൊഴിലുകൾക്ക് പകരം എന്ത് എന്ന ചോദ്യം വളരെ പ്രസക്തമാണ്. ഇത്തരത്തിൽ ധാരാളം ഉദാഹരണങ്ങൾ എടുത്ത് കാണിക്കാൻ കഴിയുംഎന്നാൽ വിസ്താര ഭയത്തിൽ ഞാൻ അതിനു മുതിരുന്നില്ല. Ease of doing business മുൻപോട്ട് വയ്ക്കുന്ന നയ സമീപനത്തിൽ കേരളത്തിന് വളരാനും കേരളത്തിലെ സംരഭകർക്ക് വളരാനും, കേരളത്തിലേക്ക് അനുയോജ്യമായ സ്ഥാപനങ്ങൾ കടന്നുവരാനും, നിക്ഷേപക സൗഹൃദമാക്കാനും നം വളരെ മുൻപോട്ടു പോകേണ്ടതുണ്ട്. സർക്ക-രുകളോടൊപ്പം തന്നെ, നിക്ഷേപകരും സംരംഭകരും നമ്മുടെ സമ്പത്ത് തട്ടിയെടുക്കുന്ന വരാണെന്ന മുൻവിധിക്ക് പകരം, അവർ നാടിന്റെ സമഗ്ര വികസനത്തിന് മുതൽക്കൂട്ടാണെന്ന കാഴ്ചപ്പാടോടെ സമൂഹത്തിലും കാതലായ മാറ്റം വരേണ്ടതുണ്ട്. മെച്ചപ്പെട്ടുവരുന്ന തൊഴിൽ സംസ്കാരം വ്യാവസായിക പുരോഗതിക്ക് അത്യാവശ്യമാണ്. നാം തൊഴിലിനു സമയവും കുറഞ്ഞ വേതനവും ഉറപ്പാക്കാൻ ജാഗ്രത കാട്ടുമ്പോൾ അതിന്റെ മറുപുറമായി തൊഴിലാളി നൽകേണ്ട കുറഞ്ഞ പ്രൊഡക്ടിവിറ്റി ഉറപ്പാക്കാൻ വിസമ്മതിക്കുന്നു. ചുരുക്കി പറഞ്ഞാൽ നയരൂപീകരണത്തിന് അപ്പുറത്തുള്ള സംരംഭകനെ ചേർത്തുനിർത്തുന്ന, പ്രചോദനം നൽകുന്ന സമഗ്രമായ ഒരു സംസ്കാരത്തിലേക്ക് സർക്കാർ സംവിധാനം മാറാൻ ഇനിയും താമസിച്ചുകൂടാ.



# തോഴാ, മുന്നാൽ വാടാ

**മാനവരാശി മുന്നിൽക്കാണുന്ന ഏറ്റവും വലിയ ഭീഷണികളിലൊന്നാണ് കാലാവസ്ഥാ വ്യതിയാനം. അതിനെതിരായി കൂട്ടായ പ്രവർത്തനങ്ങൾ ലോകമെങ്ങും നടക്കുകയാണ്. അതിലൊന്നിനു ശക്തിപകരാൻ ഒരു മുദ്രാഗാനം ഒരുങ്ങുന്നു. ഈണമൊരുക്കുന്നത് സാക്ഷാൽ എ.ആർ. റഹ്മാൻ!**




തേജശ്രീ

**കാ**ലാവസ്ഥാ വ്യതിയാനം എന്ന വാക്ക് കേട്ടുതുടങ്ങിയിട്ടു നാളേറെയായി. അതൊരു സങ്കീർണമായ പ്രതിഭാസമാണെങ്കിലും വളരെ ലളിതമായി നമ്മൾ തൊട്ടറിയുന്നുണ്ട്. കാലാവസ്ഥയിലുണ്ടാകുന്ന വളരെ കാര്യമായതും, പതിറ്റാണ്ടുകളോ ദശലക്ഷക്കണക്കിനോ വർഷങ്ങൾ നീണ്ടുനിൽക്കുന്നതുമായ മാറ്റത്തെയാണ് കാലാവസ്ഥാ വ്യതിയാനം എന്നു വിളിക്കുന്നത്. നമ്മുടെ കണക്കുകൂട്ടലുകളെ ആകെത്തെറ്റിച്ചാണ് പ്രകൃതി പ്രതികരിച്ചുകൊണ്ടിരിക്കുന്നത്. ആഗോള താപനത്തിനും കാലാവസ്ഥാ വ്യതിയാനത്തിനും പ്രധാന കാരണങ്ങളായി ചൂണ്ടിക്കാട്ടാവുന്നത് മനുഷ്യരുടെ ഇടപെടലുകൾ തന്നെ.

നമ്മുടെ ഇടപെടലുകൾ എങ്ങനെ കാലാവസ്ഥയെ മാറ്റിമറിച്ചു എന്നു ചിന്തിക്കുന്നതിനൊപ്പം, എന്തുതരം ഇടപെടലുകളിലൂടെ അതിന്റെ ആഘാതം കുറയ്ക്കാം എന്ന ചിന്തയിലാണ് ഗവേഷകരിപ്പോൾ. പല മാർഗങ്ങളിലൂടെ അതേക്കുറിച്ചുള്ള വിവരങ്ങൾ മനുഷ്യർ തേടിക്കൊണ്ടിരിക്കുന്നു. അത്തരം പ്രവർത്തനങ്ങൾക്ക് കരുത്തുപകരാൻ ഇതാ ഒരു പാട്ടൊരുങ്ങുന്നു.

പാട്ടുപാടി മഴപെയ്യിക്കാമെന്നു മിക്കവരും കേട്ടിരിക്കും. അമൃതവർഷിണി പാടി മഴപെയ്യിച്ച വാക്ഷേയകാരന്മാരെ ചരിത്രം രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇവിടെ ഈ പാട്ട് അത്തരമൊന്നല്ല. കാലാവസ്ഥാവ്യതിയാനത്തിനെതിരേ കൂടുതൽ ഇടങ്ങളിൽ അവബോധമുണ്ടാക്കാൻ, ഒത്തൊരുമിച്ചുള്ള ശ്രമങ്ങൾക്ക് ശക്തിപകരാൻ ഒരു മുദ്രാഗാനം, മംഗളഗീതം ഒരുക്കാനാണ് തീരുമാനം. അതുണ്ടാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് മറ്റാരെയുമല്ല, സാക്ഷാൽ ഏ.ആർ. റഹ്മാനെയാണ്!

ഹോളിവുഡിലെ തലമുതിർന്ന സംഗീതകാരനും മാനവികത ഉയർത്തിപ്പിടിക്കുന്നയാളുമായ കെൻ ക്രേഗൻ നേതൃത്വം നൽകുന്ന ക്ലൈമറ്റ് ചേഞ്ച് ഇനിഷ്യേറ്റിവിനുവേണ്ടിയാണ് റഹ്മാൻ മുദ്രാഗാനമൊരുക്കുക. രാജ്യാന്തരതലത്തിൽ പ്രശസ്തരായ ഒരുപിടി സംഗീതജ്ഞരുമായി കൈകോർത്ത് ഹാൻഡ് ഇൻ ഹാൻഡ് എന്ന പേരിലാണ് റഹ്മാൻ ഗാനം തയാറാക്കുന്നത്.

വി ആർ ദ വേൾഡ് എന്ന അതിപ്രശസ്തമായ ചാരിറ്റി ആൻതം ഒരുക്കിയതിന് 1985ൽ ഐക്യരാഷ്ട്ര സംഘടനയുടെ പീസ് മെഡൽ നേടിയയാളാണ് ക്രേഗൻ. വിനോദവ്യവസായ സംരംഭകനായ നീൽ മോർഗനുമായി ചേർന്ന് ക്രേഗൻ ഹാൻഡ്സ് എറൗണ്ട് ദ വേൾഡ് എന്ന പേരിൽ ഒരു ഓഗ്മെന്റഡ് റിയാലിറ്റി പ്രോജക്ടും തയാറാക്കുകയാണ്. പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക സമാഹരിക്കുക, കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ പ്രോജക്ടിനുള്ളത്. ഭൗമദിനത്തിന്റെ അമ്പതാം വാർഷികവേളയിൽ, അടുത്ത ഏപ്രിൽ 22ന് ഈ പ്രോജക്ട് അവതരിപ്പിക്കും.



ഈ പ്രവർത്തനങ്ങളെ ആകമാനം ഒരൊറ്റ ഈണത്തിൽ കോർത്ത് ഊർജ്ജം പകരുന്നതാവും റഹ്മാൻ ഒരുക്കുന്ന മുദ്രാഗാനം. ക്രേഗന്റെ വി ആർ ദ വേൾഡിനോട് ആശയപരമായി ഇണങ്ങുന്ന ഒന്നായിരിക്കും റഹ്മാന്റെ പാട്ട് എന്നാണ് സൂചനകൾ. അറിവുനേടി മുന്നേറാൻ കഠിനപ്രയത്നം നടത്തിക്കൊണ്ടിരിക്കുന്ന മനുഷ്യകുലത്തിന്റെ അടിസ്ഥാനം ഈ ഭൂഗോളമാണ്. എല്ലാ മുന്നേറ്റങ്ങൾക്കുമുള്ള ആദ്യചുവട് നമ്മെ താങ്ങിനിർത്തുന്ന ഭൂഗോളത്തിനെ സംരക്ഷിക്കലാവണമെന്ന് റഹ്മാൻ ഓർമിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ഈണവും അതിലേക്കുള്ള പ്രചോദനമാകുമെന്നുറപ്പ്.

അസാധ്യമായത് നേടിയെടുക്കലാണ് വെറും സാധാരണ കാര്യങ്ങൾ ചെയ്യുന്നതിനേക്കാൾ എളുപ്പമെന്ന് ക്രേഗനും പറയുന്നു. ഇവരുടെ കൂട്ട് കൃത്യമായ ലക്ഷ്യങ്ങളോടെയാണെന്നതിന് ഇതിനേക്കാൾ വലിയ തെളിവുവേണ്ടല്ലോ.

കാലാവസ്ഥാ വ്യതിയാനം ഭൂമിയിലുണ്ടെന്ന് സമ്മതിക്കാൻ മടിയുള്ളവരുണ്ട്. എന്നാൽ അന്തരീക്ഷ മലിനീകരണത്തെ ആർക്കും നിഷേധിക്കാൻ കഴിയില്ല. ഞങ്ങളുടെ പ്രോജക്ട് ഇത്തരത്തിൽ ഇതുവരെ കാണാത്ത ഒന്നായിരിക്കും. അതിലേക്ക് ജനങ്ങളെ ഒത്തൊരുമിപ്പിക്കാനും അതുവഴി ഭൂഗോളത്തെ കഴിയുംവിധം സംരക്ഷിക്കാനുമാണ് ശ്രമം– മോർഗൻ പറയുന്നു.

ഇതിന്റെയെല്ലാം പിന്നണിയിൽ എ.ആർ. റഹ്മാന്റെ ഈണമുണ്ടാകും.

കൂട്ടായ്മകൾക്ക് ആവേശം നിറയ്ക്കാൻ റഹ്മാന് പ്രത്യേകമൊരു കഴിവുണ്ട്. സ്റ്റുഡിയോ ആൽബമായി പുറത്തിറക്കിയ വന്ദേമാതരം (മാ തുജ്ഹേ സലാം), ഓസ്കർ സമ്മാനത്തോളമെത്തിയ ജയ്ഹോ എന്നീ പാട്ടുകൾ മാത്രമെടുത്താൽ അതു വ്യക്തമാകും. ദേശീയബോധത്തിന്റെ ഉത്തമ ഉദാഹരണമായിരുന്നു മാ തുജ്ഹേ സലാം. റഹ്മാൻ സ്വയം പാടിയ ആ ടൈറ്റിൽ സോംഗ് ഒട്ടേറെ വേദികളിൽ ആവേശത്തിന്റെ ജ്വാലകൾ പടർത്തിയിട്ടുണ്ട്. ഏതാണ്ട് ഏഴായിരം പാട്ടുകളിൽനിന്ന് ഏറ്റവും ജനപ്രിയമായത് തെരഞ്ഞെടുക്കാൻ ബിബിസി വേൾഡ് സർവീസ് നടത്തിയ അന്താരാഷ്ട്ര തെരഞ്ഞെടുപ്പിൽ അത് രണ്ടാം സ്ഥാനത്ത് എത്തി. ഏറ്റവും കൂടുതൽ ഭാഷകളിൽ അവതരിപ്പിക്കപ്പെട്ട പാട്ട് എന്ന നിലയിൽ ഗിന്നസ് വേൾഡ് റെക്കോർഡും അതിനാണ്. സായി സൈച്ചക്ക് എന്ന ഗായകൻ 265 ഭാഷകളിലാണ് ആ പാട്ടു പാടിയത്.

സ്ലംഡോഗ് മില്ല്യനെയർ എന്ന സിനിമയ്ക്കുവേണ്ടി റഹ്മാൻ തയാറാക്കിയതാണ് ജയ് ഹോ എന്ന ഗാനം. ഇതും അന്താരാഷ്ട്ര അംഗീകാരം നേടി. കയ്യും കണക്കുമില്ലാതെ കവർ വേർഷനുകളും ഡാൻസ് നമ്പറുകളും പുറത്തിറങ്ങി. ഏറ്റവും മികച്ച ഒറിജിനൽ പാട്ടിനുള്ള അക്കാഡമി അവാർഡാണ് ആ പാട്ടുനേടിയത്. ഗ്രാമിയും തേടിയെത്തി. 2009ലെ പൊതു തെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രചാരണഗാനവും അതായിരുന്നു.

ഉന്നാൽ മുടിയും തോഴാ, മുന്നാൽ വാടാ എന്ന വരി (ഗാനം: എല്ലാ പുകഴും, ചിത്രം: അഴകിയ തമിഴ്മകൻ) റഹ്മാൻ പാടുമ്പോൾ കോരിത്തരിക്കാത്തവരില്ല. അതുകൊണ്ടുതന്നെ മദ്രാസിന്റെ മൊസാർട്ട് ഒരുക്കുന്ന മുദ്രാഗാനം കാലാവസ്ഥാ വ്യതിയാനത്തിനെതിരായ ജനമുന്നേറ്റത്തിന് ശക്തിപകരുമെന്നു കരുതാം.




East Fort, **THIRUVANANTHAPURAM.** Ph: 0471-2570481 • Boat Jetty Road, **ALAPPUZHA.** Ph: 0477-2230071 • Dharmodhayam Building, Round East, **THRISSUR.** Ph: 0487-2331812 • T.B. Road, **KOTTAYAM.** Ph: 0481-2565015, 0481-2565016 • Hospital Road, **PERINTHALMANNA.** Ph: 04933-229637 • Near Municipal Bus Stand, R.S.Road, **PALAKKAD.** Ph: 0491-2530916.

/josalukkasjewellery TAMIL NADU | KARNATAKA | KERALA | ANDHRA | TELANGANA | PONDICHERRY Jos Alukkas group

# ഇന്ദുലേഖ ഇവിടെയുണ്ട്



കാരൂർ സോമൻ

1847 ജനുവരി 9ന് ഒ. ചന്തുമേനോന്റെ ജനനം ഓർക്കുമ്പോൾ മലയാളത്തിൽ അദ്ദേഹം ജനിപ്പിച്ച ഇന്ദുലേഖയും ഓർമ്മയിലെത്തും. അത് കേരളത്തിൽനിന്ന് ലണ്ടനിലെ ബ്രിട്ടീഷ് ലൈബ്രറിയിൽ കാണുമ്പോൾ ആരിലും കൗതുകമുണർത്തുന്ന കാഴ്ചയാണ്.

ലൊണ്ടനീയം എന്നു റോമക്കാർ പേരിട്ട ഒരു നഗരം അതിന്റെ സാംസ്ക്കാരിക ഔന്നത്യം ഒന്നു കൊണ്ടു മാത്രം ലോകത്തിന്റെ നെറുകയിലേക്ക് ഉയരുന്നത് കണ്ട് റോമക്കാർ പോലും അത്ഭുതപ്പെട്ടു. ലോകത്തിന്റെ തിലകക്കുറിയായി തെംസ് നദി തീരത്തെ ലണ്ടൻ നഗരം മാറിയത് വൈജ്ഞാനിക വിസ്തൃതി കൊണ്ടു മാത്രമായിരുന്നു. ഇതിന് അവരെ സഹായിച്ചതാവട്ടെ വായനയുടെ അനിർവചനീയമായ അത്ഭുതലോകവും. ലണ്ടൻ നിവാസികളുടെ രാജകീയ മുദ്രകളിൽ വായനയ്ക്ക് അന്നും ഇന്നും എന്നും മായ്ക്കപ്പെടാനാവാത്ത സ്ഥാനമുണ്ട്. ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും പുസ്തകങ്ങളെ മാറോടു ചേർത്തിരിക്കുന്ന മറ്റൊരു ലോകജനതയെ എവിടെ കാണാനാവും? അതു തന്നെയാണ് ലണ്ടനിലെ ബ്രിട്ടീഷ് ലൈബ്രറിയുടെ വൻ വിജയത്തിനു പിന്നിലെന്നും തോന്നിയിട്ടുണ്ട്. ഏറ്റവും ചെലവു കുറഞ്ഞതും എന്നെന്നും ഫലം ലഭിക്കുന്നതുമായ വിജ്ഞാന വിനോദോപാധിയാണ് വായനയെന്നു മനസ്സിലാക്കിയ യൂറോപ്യന്മാർക്കിടയിൽ അതിനെ സത്യസന്ധമായി ശീലിച്ചതു ലണ്ടൻവാസികൾ മാത്രമായിരുന്നുവെന്നു ചരിത്രം പറയും. 'വായിച്ചാലും വളരും വായിച്ചില്ലങ്കിലും വളരും. വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും' എന്ന കുഞ്ഞുണ്ണിമാഷിന്റെ കവിതയെ ഉള്ളാലെ സ്വീകരിച്ച ഈ ജനതയുടെ മണ്ണിൽ തന്നെയാണ് ലോകത്തിലെ ഏറ്റവും വിജ്ഞാനപ്രദമായ അക്ഷയനിധിയെ പരിപാലിക്കപ്പെടുന്നത്.

സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിലെ അമൂല്യമായ നിധി തന്നെയാണ് ബ്രിട്ടീഷ് ലൈബ്രറിയെന്നു പറയാം. കാരണം, ഇത് ഒരു ദിവസം കൊണ്ട് ഉണ്ടായതല്ല. എത്രയോ വർഷങ്ങൾ നീണ്ട പ്രയത്നം ഇതിനു പറയാനുണ്ട്. ലണ്ടനിലെ ജോർജ് രണ്ടാമൻ രാജാവിന്റെ ഡോക്ടറും റോയൽ സൊസൈറ്റി പ്രസിഡന്റുമായിരുന്ന സർ ഹാൻസ് സ്ലോണിന്റെ ഗ്രന്ഥശേഖരം അദ്ദേഹത്തിന്റെ മരണപത്രമനുസരിച്ച് ഏറ്റെടുത്തുകൊണ്ടാണ് ലൈബ്രറി ഗ്രന്ഥശേഖരണ ഏറ്റെടുക്കൽ പ്രക്രിയയ്ക്കു തുടക്കമിടുന്നത്. ചരിത്രത്തിലേക്കു നോക്കിയാൽ പിന്നീട് പല പ്രമുഖരുടെയും പുസ്തകശേഖരങ്ങൾ ലൈബ്രറിക്ക് നല്കപ്പെട്ടതായി കാണാം. കൊളോണിയൽ ബ്രിട്ടീഷ് ദ്വീപുകളിൽ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ ഉൾപ്പെടെ ബ്രിട്ടനിൽ നിന്നുള്ള എല്ലാ ഗ്രന്ഥത്തിന്റെയും ഓരോ പ്രതി ലൈബ്രറിക്ക് സൗജന്യമായി നല്കണമെന്ന നിയമം 1757ൽ നിലവിൽവന്നു. ലോകത്തിൽ ഇങ്ങനെയൊരു നിയമം ആദ്യമായി നിലവിൽ വന്നത് ഫ്രാൻസിലാണെങ്കിലും അത് അടിസ്ഥാനപരമായി ഉപയോഗപ്പെടുത്തിയത് ഇവിടെയാണ്. അതു തന്നെ പിൽക്കാലത്ത് ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ പരിഷ്ക്കരിച്ച നിയമമായി മാറി



യിട്ടുണ്ടെങ്കിലും ഇന്നിത് എത്ര രാജ്യങ്ങൾ അനുസരിക്കുന്നുണ്ടെന്നത് മറ്റൊരു കാര്യം. ആ നിലയിൽ ബ്രിട്ടീഷ് ലൈബ്രറി രാജകീയമായി തന്നെയാണ് നില കൊള്ളുന്നത്.

ലണ്ടനിലെ പ്രസിദ്ധമായ ബ്രിട്ടീഷ് മ്യൂസിയത്തോടനുബന്ധിച്ച് 1753-ലാണ് ഈ ലൈബ്രറി ആരംഭിക്കുന്നത്. ഇന്ന് 150 മില്യൺ പുസ്തകങ്ങളാണ് ഇവിടെ ശേഖരിക്കപ്പെട്ടിരിക്കുന്നത്. ഗ്രന്ഥശേഖരണത്തിൽ ലോകത്തിലെ വലിയ വിസ്മയങ്ങളിലൊന്ന് എന്നു വിശേഷിപ്പിക്കപ്പെടാവുന്ന ഇവിടെ പ്രിന്റിലും ഡിജിറ്റൽ ഫോർമാറ്റിലുമായുള്ളത് കോടിക്കണക്കിന് പ്രതികൾ. കൈയെഴുത്തു പ്രതികൾ, ജേർണലുകൾ, പത്രമാസികകൾ, ശബ്ദ സംഗീത റെക്കോഡിങ്ങുകൾ, വീഡിയോകൾ, സ്ക്രിപ്റ്റുകൾ, പേറ്റന്റുകൾ, ഡേറ്റാ ബേസുകൾ, മാപ്പുകൾ, സ്റ്റാമ്പുകൾ, ചിത്രങ്ങൾ തുടങ്ങി ലൈബ്രറിയുടെ ശേഖരത്തിൽ ലോകത്തിന്റെ ചരിത്രത്തിന്റെ വലിയൊരു ഭാഗം തന്നെ ശേഖരിക്കപ്പെട്ടിരിക്കുന്നു. എല്ലാ വർഷവും ഇവിടെ കൂട്ടിച്ചേർക്കപ്പെടുന്നതു മാത്രം മൂന്നു കോടിയിലേറെ വരും. അതായത് ഓരോ വർഷവും ഇതിനു വേ

ണ്ടി വരുന്ന ഷെൽഫിന്റെ നീളം 9.6 കിലോമീറ്റർ ദൂരം എന്നാണു കണക്ക്.

ബ്രിട്ടനിലെ സാംസ്കാരിക, മാധ്യമ, കായിക വിഭാഗത്തിന്റെ കീഴിലാണ് ഈ നോൺ ഡിപ്പാർട്ട്മെന്റൽ പബ്ലിക്ക് ബോഡിയെ ഉൾക്കൊള്ളിച്ചിരിക്കുന്നത്. എസ്റ്റൺ റെയിൽവേ സ്റ്റേഷനു സമീപം സെന്റ് പാൻക്രാസിലാണ് ലൈബ്രറി സ്ഥാപിച്ചിരിക്കുന്നത്. വെസ്റ്റ് യോർക്ക്ഷെയറിലെ ബോസ്റ്റൺ സ്പായുടെ സമീപം ഡോക്യുമെന്റ് സ്റ്റോറേജ് സെന്ററും വായനാമുറിയും സജ്ജീകരിച്ചിരിക്കുന്നു.

ലൈബ്രറിയിലെ ഗ്രന്ഥങ്ങളുടെ അച്ചടിച്ച ഗ്രന്ഥസൂചി 1881-1905 കാലത്ത് തയ്യാറാക്കപ്പെട്ടതോടെയാണ് ഇവിടുത്തെ ഗ്രന്ഥശേഖരത്തിന്റെ മഹത്വം പുറം ലോകം അറിഞ്ഞു തുടങ്ങിയത്. ഇന്ത്യയിൽ നിന്നുള്ളതല്ല, കേരളത്തിൽ നിന്നു തന്നെയുള്ള ആയിരത്തിലേറെ പുസ്തകങ്ങളുടെ വിശേഷാൽ കൃതികൾ ഇന്ന് ഇവിടെ കാണാം. മലയാള ഭാഷയിൽ ആദ്യം അച്ചടിച്ച ഗ്രന്ഥം പോലും ഇവിടെയാണുള്ളത്. ബ്രിട്ടീഷ് മ്യൂസിയത്തിൽ ഉദ്യോഗസ്ഥനായിരുന്ന ആൽബർട്ടിൻ ഗൗർ ഈ ഗ്രന്ഥങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി കാറ്റലോഗ് ഓഫ് മലയാളം ബുക്സ് ഇൻ ദ് ബ്രിട്ടിഷ് മ്യൂസിയം എന്ന ഗ്രന്ഥം രചിച്ചിട്ടുണ്ട്. ഇപ്പോൾ പുറത്തു വന്നിരിക്കുന്ന ഒരു വിവരം പോലും മലയാളിയെ ലജ്ജിപ്പിക്കുന്നതാണ്. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത കൃതിയെന്നു പൊതുവേ കരുതുന്ന ഒ. ചന്തുമേനോന്റെ 'ഇന്ദുലേഖ' എന്ന നോവലിന്റെ മൂലകൃതി ഉള്ളത് ബ്രിട്ടീഷ് ലൈബ്രറിയിലാണ്. മലയാളികൾ കാലങ്ങളായി മലയാളം ഉപപാഠ പുസ്തകമായി ലക്ഷക്കണക്കിനു വിദ്യാർത്ഥികൾ പഠിക്കുകയും ചെയ്ത 'ഇന്ദുലേഖ'യുടെ യഥാർത്ഥ കൃതി നമ്മൾ വായിച്ചതിൽ നിന്നൊക്കെ ഏറെ വ്യത്യസ്തം. 'ഇന്ദുലേഖ' യുടെ വികലമാക്കപ്പെട്ട പതിപ്പാണ് കഴിഞ്ഞ ആറുപതിറ്റാണ്ടായി മലയാളി വായിക്കുന്നത് എന്നു സാരം. യഥാർത്ഥ 'ഇന്ദുലേഖ' ലണ്ടനിലെ ബ്രിട്ടീഷ് ലൈബ്രറിയിൽ നിന്ന് കണ്ടെടുത്തതോടെയാണ് മലയാളി ഇതുവരെ വഞ്ചിതരായിരിക്കുകയായിരുന്നു എന്ന് വ്യക്തമായത്. പ്രമുഖ നിരൂപകരായ ഡോ. പി.കെ. രാജശേഖരൻ, ഡോ. പി.വേണുഗോപാലൻ എന്നിവർ വർഷങ്ങളോളം നടത്തിയ അന്വേഷണത്തിനൊടുവിലാണ് ലണ്ടനിലെ ബ്രിട്ടീഷ് ലൈബ്രറിയിൽ നിന്ന് യഥാർഥ 'ഇന്ദുലേഖ'യെ കണ്ടെടുത്തത്. ഇതോടെ ബ്രിട്ടീഷ് ലൈബ്രറിയിൽ ഇനിയും ഒളിഞ്ഞു കിടക്കുന്ന ഒട്ടനവധി മലയാള മൂലകൃതികളും വിശദമായ ഗവേഷണത്തിന് ഇട നൽകും. 'ഇന്ദുലേഖ'യുടെ കാര്യത്തിൽ വാസ്തവത്തിൽ എന്താണ് സംഭവിച്ചതെന്ന് ഇനിയും വ്യക്തമല്ലെങ്കിലും കഥാന്ത്യത്തിൽ നോവലിസ്റ്റ് ഒ. ചന്തുമേനോൻ നിർവഹിച്ച ചരിത്ര പ്രസക്തിയുള്ള സ്ത്രീപക്ഷ രാഷ്ട്രീയ പ്രസ്താവന പോലും മലയാളികൾ വായിച്ച 'ഇന്ദുലേഖ'യിൽ ഇല്ലെന്നതാണ് സത്യം. മുഴുവൻ സ്ത്രീകളും ഇംഗ്ലീഷ് വിദ്യാഭ്യാസം നേടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള സന്ദേശമാണ് 'ഇന്ദുലേഖ' യിൽ വെളിവാക്കപ്പെട്ടത്. ഇന്ദുലേഖ മാധവനെ സ്വയംവരം ചെയ്തു എന്ന ഭാഗവും വികലമാക്കി. നോവലിന്റെ തുടക്കത്തിൽ കഥാപാത്രങ്ങളുടെ ബന്ധം പ്രസ്താവിക്കുന്ന പ്രധാനഭാഗവും വെട്ടിമാറ്റപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. എന്തായാലും, ബ്രിട്ടീഷ് ലൈബ്രറിയിൽ ഇങ്ങനെയൊരു മൂലകൃതിയുണ്ടെന്ന് മലയാളികൾ അറിയുന്നതു തന്നെ ഇപ്പോഴാണെന്നതാണെന്ന് രസകരം. ഇത് മലയാളത്തിന്റെ മാത്രം കാര്യമാണെന്നു മനസ്സിലാക്കണം. ലോകത്തിലെ എത്രയോ അമൂല്യ കൃതികളുടെ മൂലകൃതികൾ ഉൾപ്പെടെയുള്ളത് ഇവിടെയാണ്. ആ നിലയ്ക്ക് ഗവേഷണത്തിനു മാത്രം ഇവിടെയെത്തുന്നവർ നൂറു കണക്കിനാണ്.



തുടക്കത്തിൽ ബ്രിട്ടീഷ് മ്യൂസിയത്തിനോടനുബന്ധിച്ചായിരുന്നു ലൈബ്രറിയുടെയും പ്രവർത്തനം. 1972-ലെ ബ്രിട്ടിഷ് ലൈബ്രറി ആക്റ്റ് പ്രകാരം ബ്രിട്ടിഷ് മ്യൂസിയത്തിൽനിന്ന് ഈ ബൃഹദ് ലൈബ്രറി വേർപെടുത്തപ്പെട്ടു. തുടർന്ന് ലോകത്തിലെ തന്നെ ഗ്രന്ഥശേഖരങ്ങളുടെ വിശദമായ വർഗ്ഗീകരണത്തിനു നാന്ദിയായതെന്നു കരുതപ്പെടുന്ന 'ദ് ബ്രിട്ടിഷ് നാഷണൽ ബിബ്ലിയോഗ്രഫി' എന്ന ഗ്രന്ഥസൂചി 1949-ൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഇന്ന് ആധുനിക സൗകര്യങ്ങളോടെ നവീകരിക്കപ്പെട്ട ലൈബ്രറിയിൽ പങ്കാളികളായ ഏതു ലൈബ്രറിക്കും ഗ്രന്ഥസൂചി ലഭ്യമാക്കുന്നതിനുള്ള ഓട്ടോമേറ്റഡ് ഇൻഫർമേഷൻ സർവീസും ഇവിടെ ഏർപ്പെടുത്തിയിരിക്കുന്നു.

ലോക ലൈബ്രറികളുടെ വളർച്ചാ ചരിത്രത്തിൽ നിന്നും മാറി കുറഞ്ഞത് ഒരു നൂറ്റാണ്ടിന്റെയെങ്കിലും കൂടുതൽ പാരമ്പര്യം അവകാശപ്പെടാൻ ബ്രിട്ടീഷ് ലൈബ്രറിക്കു കഴിയുന്നുണ്ട്. മറ്റ് പ്രധാനപ്പെട്ട ഗ്രന്ഥശേഖരണങ്ങളും ഗ്രന്ഥശാലകളുമൊക്കെ 17-ാം ശതകത്തിലാണ് യൂറോപ്പിൽ വളർന്നു പന്തലിച്ചത്. യൂറോപ്പിലെ തന്നെ പാരിസ്, വത്തിക്കാൻ, കോപ്പൻഹേഗൻ തുടങ്ങിയ സ്ഥലങ്ങളിൽ സ്വകാര്യ സംരംഭങ്ങളായി രൂപംകൊണ്ടു വളർന്ന ഇത്തരം ഗ്രന്ഥശാലകൾ 18-ാം നൂറ്റാണ്ടിലാണ് നാഷണൽ ലൈബ്രറികളായി മാറിയത്. ചാൾസ് അഞ്ചാമന്റെ കാലത്ത് ബിബ്ലിയോതെക് ഡുമിറായ് എന്നപേരിൽ പാരീസിൽ ആരംഭിച്ച ഗ്രന്ഥശാല ഫ്രഞ്ച് വിപ്ലവത്തിനുശേഷം ബിബ്ലിയോതെക് നാഷണൽ എന്ന പേരിൽ ദേശീയ ഗ്രന്ഥശാലയായി മാറി. ഫ്രാൻസിൽ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങളുടെയെല്ലാം പ്രതികൾ സൗജന്യ

മായി കൊട്ടാര ലൈബ്രറിയിൽ എത്തിക്കണമെന്ന് 17-ാം ശതകത്തിൽ ഫ്രാൻസിസ് ഒന്നാമൻ രാജാവ് കല്പന പുറപ്പെടുവിച്ചത് പുസ്തകശേഖരണരംഗത്ത് നിയമപരമായ പുതിയൊരു വഴി തുറന്നു. ഇതായിരുന്നു ഫ്രാൻസിലെ വായനാലോകത്തിന്റെ വികാസത്തിലെ പരിണാമഗുപ്തിയായി മാറിയത്.

ഇതേത്തുടർന്നുണ്ടായതെന്നു കരുതുന്ന ഫ്രഞ്ച് വിപ്ലവത്തിനു ഗ്രന്ഥങ്ങൾ ഒരു മുഖ്യ പങ്ക് വഹിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും ബ്രിട്ടീഷ് ലൈബ്രറിയുടെ രാജകീയത വർധിപ്പിച്ചത് പതിനാറാം നൂറ്റാണ്ടിന്റെ അവസാനം ഇംഗ്ലണ്ടിൽ നടന്ന സിവിൽ യുദ്ധമാണെന്നു പറയേണ്ടി വരും. രാജാവിന്റെ പരമാധികാരം, ഉപരിവർഗ്ഗത്തിന്റെ മാടമ്പിത്തം, കത്തോലിക്കാ പൗരോഹിത്യത്തിന്റെ പ്രത്യേകാവകാശങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഫ്രഞ്ച് ഭരണവ്യവസ്ഥയ്ക്ക് നിദാനമായത് ആശയസമൃദ്ധമായ ഗ്രന്ഥങ്ങളായിരുന്നു. സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം തുടങ്ങിയ ജ്ഞാനോദയമൂല്യങ്ങളെ മുൻനിർത്തി മാറ്റിമറിച്ച പതിനെട്ടാം നൂറ്റാണ്ടിലെ (1789-1799) രാഷ്ട്രീയസാമൂഹിക കലാപമായ ഫ്രഞ്ച് വിപ്ലവത്തിന് ഇംഗ്ലണ്ടിൽ നിന്നു പോലും പങ്കുണ്ടായത് പുസ്തകങ്ങളെ അടിസ്ഥാനമാക്കി പ്രചരിക്കപ്പെട്ട ആശയസംവേദനങ്ങളായിരുന്നു.

വിപ്ലവത്തിന് മുമ്പ് ഫ്രാൻസിൽ മൂന്ന് ജനവിഭാഗങ്ങളാണ് ഉണ്ടായിരുന്നത്. പുരോഹിതൻമാരും പ്രഭുക്കൻമാരും സാധാരണ ജനങ്ങളും. മൂന്ന് എസ്റ്റേറ്റുകൾ എന്നാണ് ഇവരറിയപ്പെട്ടിരുന്നത്. ഫ്രാൻസിലെ മൊത്തം ജനസംഖ്യയെടുത്താൽ പുരോഹിതൻമാരും പ്രഭുക്കൻമാരും എണ്ണത്തിൽ വളരെ കുറവായിരുന്നു. എന്നാൽ, ഭൂരിഭാഗം ഭൂമിയും സ്വത്തുവകകളും ഇവരാണ് കൈവശം വെച്ചിരുന്നത്. പാവപ്പെട്ട കർഷകരും ഇടത്തരക്കാരായ കച്ചവടക്കാരുമായിരുന്നു മൂന്നാം എസ്റ്റേറ്റിൽ. ഇവരിൽ ആരാണ് ഗ്രന്ഥങ്ങളെ പൂർണ്ണമായും തങ്ങളുടേതാക്കി വച്ചതെന്ന് തെളിയിക്കുന്ന ഫ്രഞ്ച് വിപ്ലവം യൂറോപ്പിൽ നടത്തിയെടുത്തത് വാസ്തവത്തിൽ അറിവിനെ ചൊല്ലിയുള്ള സമരം കൂടിയായിരുന്നു.

എന്നാൽ ഇതിനു മുൻപ് തന്നെ പാർലമെന്ററി വ്യവസ്ഥയ്ക്കെതിരേയുള്ള യുദ്ധത്തിൽ ഇംഗ്ലണ്ടിൽ രാജാവും ജനാധിപത്യവും തമ്മിൽ രൂക്ഷമായ യുദ്ധച്ചൊരിച്ചിൽ ഉണ്ടായിരുന്നു. ചാൾസ് ഒന്നാമന്റെ കാലത്ത്, അതായത് പതിനാറാം നൂറ്റാണ്ടിന്റെ മധ്യത്തിൽ നടന്ന യുദ്ധത്തിലാണ് പുസ്തകപ്രചരണവും അച്ചടിയും ഇംഗ്ലണ്ടിൽ ശക്തമാകുന്നത്. ഇതിന്റെയെല്ലാം ആദ്യപ്രതികൾ ഇന്നു ബ്രിട്ടീഷ് ലൈബ്രറിയിൽ ലഭ്യമാണ്. അച്ചടിയുടെ ആദ്യകാല രൂപങ്ങളെക്കുറിച്ചുള്ള എല്ലാ വിജ്ഞാനവും ഇവിടെ വിളമ്പിവച്ചിട്ടുണ്ട്. ഇതിന്റെ ചില ഏടുകൾ ബ്രിട്ടീഷ് മ്യൂസിയത്തിലേക്ക് മാറ്റപ്പെട്ടിട്ടുണ്ടെങ്കിലും പലതിന്റെയും പ്രമാണങ്ങൾ ഇന്നും ഇവിടെ പൊന്നു പോലെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

ആശയവിനിമയത്തിനുള്ള മുഖ്യോപാധികളിൽ ഒന്നാണ് അച്ചടിയെന്നും മനുഷ്യ സമൂഹത്തിന്റെ പുരോഗതിയുടെ എല്ലാ വശങ്ങളെയും ഇത് ഒരുപോലെ സ്പർശിക്കുന്നുവെന്നും തിരിച്ചറിഞ്ഞ ബ്രിട്ടീഷ് രാജവ്യവസ്ഥയാണ് പ്രിന്റിങ്ങ്, പബ്ലിഷിങ്ങ് എന്നിവയ്ക്കു വേണ്ടി യൂറോപ്പിൽ പ്രചാരണം ശക്തമാക്കിയത്. എന്നാൽ ഫ്രാൻസിലും ജർമ്മനിയിലും അതിനു മുൻപേ ഇതിന്റെ വിത്തുകൾ പാകപ്പെട്ടിരുന്നുവെന്നതാണ് യാഥാർത്ഥ്യം. വിദ്യാഭ്യാസം, വാർത്താവിനിമയം, പാക്കേജിങ്, തപാൽ സ്റ്റാമ്പുകൾ, മുദ്രപത്രങ്ങൾ, ബഹുവർണ ചിത്രങ്ങൾ തുടങ്ങി ആധുനിക സമൂഹത്തിലേക്കു മനുഷ്യൻ കടന്നു കൂടിയതിനൊപ്പം തന്നെ കൊളോണിയൽ സംസ്ക്കാരത്തിന്റെ ഭാഗമായി അച്ചടിയും പ്രചരണവും ശക്തമായി എന്നതാണ് ചരിത്രം.

പുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള എല്ലാ സമ്പ്രദായങ്ങളും യൂറോപ്പിൽ പടർന്നു പിടിച്ചതിന്റെ ആദ്യകാല/മൂല കൃതികളെല്ലാം തന്നെ ഇന്നു ബ്രിട്ടീഷ് ലൈബ്രറിയെ അലങ്കരിക്കുന്നുണ്ട്. ഇന്നറിയപ്പെടുന്ന രീതിയിലുള്ള അച്ചടി പതിനഞ്ചാം ശതകത്തിന്റെ മധ്യത്തോടുകൂടി ജർമനിയിൽ തുടങ്ങിയപ്പോഴുള്ള കൃതികളും ഇവിടെ കാണാം. കൊറിയക്കാരും, ചൈനക്കാരും, ജപ്പാൻകാരും പ്രാചീനകാലത്തു അച്ചടിച്ചു പ്രചരിപ്പിച്ചിരുന്ന ചില കൃതികളുടെ ചരിത്രാവശിഷ്ടങ്ങളും ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്.

ചിത്രലിപികളും അക്ഷരമാലയും തുടങ്ങി ശിലാലിഖിതങ്ങളും ഇഷ്ടികപ്പുസ്തകങ്ങളും തുകൽപാപ്പിറസ് ചുരുളുകളും താളിയോലഗ്രന്ഥങ്ങളും ഉപയോഗിച്ചിരുന്ന കാലത്തുള്ള എഴുത്തുപണിയെക്കുറിച്ച് അറിയണമെങ്കിൽ ബ്രിട്ടീഷ് ലൈബ്രറിയിലേക്ക് ഒന്നു വന്നാൽ മതിയാവും. എ.ഡി. ആദ്യശതകങ്ങളിൽ ചൈനക്കാർ കണ്ടുപിടിച്ചതും ക്രമേണ ലോകമെങ്ങും പ്രചരിച്ചതുമായ കടലാസ് നിർമ്മാണത്തെത്തുടർന്ന് യൂറോപ്പിൽ ആദ്യമായി അച്ചടിച്ച പുസ്തകങ്ങളിൽ പ്രധാനപ്പെട്ട വേദപുസ്തകം ഇവിടെയുണ്ട്. മരത്തിൽ കൊത്തിയ ബ്ലോക്ക് ഉപയോഗിച്ച് അച്ചടിച്ച ഇത്തരം പുസ്തകങ്ങളെ ബ്ലോക്ക് പുസ്തകങ്ങൾ എന്നാണ് അറിയപ്പെട്ടിരുന്നത്.

കടലാസിൽ മഷി പുരട്ടി കോപ്പികൾ നിർമ്മിക്കാൻ തുടങ്ങിയത് ഏതാണ്ട് അഞ്ചാം ശതകം മുതലാണെന്നു അച്ചടി ചരിത്രം പറയുന്നു. അന്ന് ജപ്പാനിലെ ചക്രവർത്തിനിയായിരുന്ന ഷോട്ടോകു എ.ഡി. 768-70ൽ പുറപ്പെടുവിച്ച കൽപ്പനയിൽ മുദ്രണം ചെയ്യപ്പെട്ടിരുന്ന ബൗദ്ധമന്ത്രത്തിന്റെ ചിത്രമാണ് കണ്ടുകിട്ടിയിട്ടുള്ളതിൽവച്ച് ഏറ്റവും പഴക്കം ചെന്ന മുദ്രിതരേഖ. പത്തുലക്ഷത്തോളം പ്രതികൾ എടുത്ത ഈ മുദ്ര അച്ചടിക്കുവാൻ ഉപയോഗിച്ച ബ്ലോക്കുകൾ എന്തു വസ്തുകൊണ്ടാണ് നിർമിച്ചതെന്ന് അറിവായിട്ടില്ല. ഈ ചിത്രം ലോകപ്രസിദ്ധങ്ങളായ മിക്ക പ്രദർശനശാലകളിലും കാണാം. 868-ൽ അച്ചടിച്ചതെന്നു കരുതപ്പെടുന്ന പ്രാചീനഗ്രന്ഥം 'വജ്രസൂത്രം' ബൗദ്ധസ്മാരകഗ്രന്ഥമാണ്. ആറു താളുകളിലാണ് ഈ ഗ്രന്ഥം അച്ചടിച്ചിട്ടുള്ളത്. ഒരു ചിത്രവും ഇതിൽ ഉണ്ട്. ഇതിന്റെ ഒരു പ്രതി 1900-ൽ തുർക്കിസ്താനിലെ ഒരു ഗുഹയിൽനിന്നും കണ്ടെടുത്തിരുന്നു. 1907-ൽ സർ ആറെൽ സ്റ്റൈൻ ഈ പ്രതി സമ്പാദിച്ചു ബ്രിട്ടനിലെത്തിച്ചു. ബ്രിട്ടീഷ് ലൈബ്രറിയിലുണ്ടായിരുന്ന ഇത് ഇപ്പോൾ ബ്രിട്ടീഷ് മ്യൂസിയത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഈ ഗ്രന്ഥം നിലവിലുള്ളതിൽ ഏറ്റവും പഴക്കംചെന്ന പുസ്തകമാണെന്നു പറയപ്പെടുന്നു.

അച്ചടിയുടെ പിതാവായി അറിയപ്പെടുന്ന ജർമൻ സ്വദേശി യോഹാൻ ഗുട്ടൻബർഗ്, ഹോളണ്ടിൽ ഹാർലമിൽ ജനിച്ച ലോറൻസ് ജാൻസൂൺ കോസ്റ്റർ എന്നിവരുടെ നിർമ്മാണരീതിയിൽ പ്രിന്റ് ചെയ്യപ്പെട്ട ചിലത് ബ്രിട്ടീഷ് ലൈബ്രറിയിലുണ്ടായിരുന്നു. ഇന്ന് ഇതൊക്കെയും ബ്രിട്ടീഷ് മ്യൂസിയത്തിലേക്ക് മാറ്റിയിട്ടുണ്ടെ

ങ്കിലും ഗുട്ടൻബർഗ് 1455-ൽ അച്ചടിച്ച ഒരു കലണ്ടറും, ഗുട്ടൻബർഗ് ബൈബിളും ഇവിടെ കാണാം. 170 പശുക്കുട്ടികളുടെ തോലാണ് ഈ ബൈബിൾ അച്ചടിക്കാൻ ഉപയോഗിച്ചിട്ടുണ്ടാവുക എന്നു കണക്കാക്കപ്പെട്ടിരിക്കുന്നതായുള്ള സൂചികയും പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു. ജർമനിയിൽ നിന്ന് ഇറ്റലി, ഫ്രാൻസ്, ഓസ്ട്രിയ, തുർക്കി എന്നിവിടങ്ങളിലൂടെ പ്രചരിക്കപ്പെട്ട പ്രിന്റിങ് 1476ൽ വില്യം കാക്സ്റ്റണാണ് (1422-91) ഇംഗ്ളണ്ടിൽ അവതരിപ്പിക്കുന്നത്.

1475-ൽ അച്ചടിച്ച The Recuyell of the Historyes of Troye ആണ് ഇംഗ്ലീഷ് ഭാഷയിൽ അച്ചടിച്ച ആദ്യ പുസ്തകമെന്നു കരുതപ്പെടുന്നു. ഇത് ഇപ്പോൾ ബ്രിട്ടീഷ് മ്യൂസിയത്തിലുണ്ട്. ഫ്രീഡ്റിഷ് ക്യോനിഗ് എന്ന ജർമൻകാരന്റെ കണ്ടെത്തലിൽ പുറത്തിറങ്ങിയ പ്രസ്സിൽനിന്ന് 'ടൈംസ്' പത്രം 1814-ൽ പുറത്തിറങ്ങിയതിന്റെ ആദ്യ കോപ്പികൾ ലൈബ്രറിയിലുണ്ട്. 'പ്രിന്റിങ് കണ്ടെത്തിയതിനു ശേഷമുള്ള ലോകത്തിലെ ഏറ്റവും വലിയ പുരോഗമനം' എന്ന് ഇതിന്റെ പ്രധാനതാളിൽ തന്നെ അച്ചടിച്ചിട്ടുണ്ട്. മണിക്കൂറിൽ 1,100 പ്രതികളാണ് ആവികൊണ്ടുള്ള യന്ത്രം പ്രവർത്തിപ്പിച്ചിരുന്ന പ്രസ്സിൽ നിന്നും അച്ചടിച്ചിരുന്നതെന്നും ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1866-ൽ ലണ്ടനിലെ 'ടൈംസ്' പത്രം പ്രിന്റിങ്ങിന്റെ പുതിയ സാധ്യതകൾ അവതരിപ്പിച്ചതിന്റെ ആദ്യ കോപ്പിയുമായി പുറത്തിറങ്ങിയതും ബ്രിട്ടീഷ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

18-ാം ശതകത്തിന്റെ ആദ്യ ദശകങ്ങളിലാണ് യൂറോപ്പിൽ ഗ്രന്ഥശാലകൾ വിപുലീകരിക്കപ്പെട്ടത്. ഇതിനെത്തുടർന്ന് അച്ചടി, നാണയങ്ങൾ, അച്ചടിച്ച ഗ്രന്ഥങ്ങൾ, ഹസ്തലിഖിതങ്ങൾ എന്നീ നാല് വകുപ്പുകൾ പാരീസിലെ ബിബ്ലിയോഥെക് നാഷണലിൽ ആരംഭിച്ചു. അന്നു സ്വകാര്യസ്വത്തായിരുന്ന ലൈബ്രറികൾ 1735-ലാണ് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുന്നത്. ബിബ്ലിയോഥെകിന്റെ ഡയറക്ടറേറ്റ് ഒഫ് ലൈബ്രറീസിന്റെ മേൽനോട്ടച്ചുമതലയിൽ എല്ലാ പബ്ലിക്ക് ലൈബ്രറികളിലെയും ലൈബ്രറിവിദഗ്ധർക്ക് പരിശീലനം നല്കിയതോടെ ബ്രിട്ടൻ ഇതാവർത്തിക്കാൻ നിർബന്ധിതരാവുകയായിരുന്നു. രാജ്യത്തിനുള്ളിൽ പ്രസിദ്ധപ്പെടുത്തുന്ന എല്ലാ ഗ്രന്ഥങ്ങളുടെയും ആനുകാലികങ്ങളുടെയും ഓരോ പ്രതി സൗജന്യമായി നാഷണൽ ലൈബ്രറിക്ക് അയച്ചുകൊടുക്കണമെന്ന ഫ്രഞ്ച് നിയമം ബ്രിട്ടനും കർശനമാക്കി. അങ്ങനെയാണ് ബ്രിട്ടന്റെ കോളനികളിലുണ്ടായിരുന്ന പുസ്തകങ്ങളുടെയെല്ലാം ആദ്യ കൃതികൾ കടൽ കടന്നതെന്നു കരുതപ്പെടുന്നു.

പാരീസിലെ ബിബ്ലിയോഥെക് നാഷണൽ ലൈബ്രറിയെ ലണ്ടനിലെ ബ്രിട്ടിഷ് ലൈബ്രറി പിന്നീട് പിന്തള്ളപ്പെടുന്ന കാഴ്ചയും ചരിത്രം കണ്ടു. ഇടയ്ക്ക് വാഷിങ്ടണിലെ ലൈബ്രറി ഒഫ് കോൺഗ്രസ് ബ്രിട്ടീഷ് ലൈബ്രറിക്ക് ഭീഷണിയുമായി മുന്നിലെത്തിയെങ്കിലും ലണ്ടൻ ലൈബ്രറി അതിന്റെ രാജകീയത നിലനിർത്തുകയാണുണ്ടായത്. ഗുണം, വലുപ്പം, ശേഖരങ്ങളുടെ വ്യാപ്തി, അവ വിപുലപ്പെടുത്തുന്നതിലും സംരക്ഷിക്കുന്നതിലുമുള്ള ശുഷ്കാന്തി എന്നിവയൊക്കെയാണ് ബ്രിട്ടീഷ് ലൈബ്രറിയെ പ്രശസ്തയാക്കിയത്. അതു കൊണ്ട് തന്നെ ഇന്ന് ചരിത്രപരമായ എല്ലാ സംഗമങ്ങൾക്കും ഇവിടം വേദിയാകുന്നുമുണ്ട്.

ബ്രിട്ടിഷ് ഭരണഘടനയുടെ മൂലക്കല്ലായ മാഗ്നാ കാർട്ടയുടെ (പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇറങ്ങിയ ഇംഗ്ലീഷ് നിയമസംഹിതയാണ് മാഗ്നാകാർട്ട. 1215-ൽ രചിക്കപ്പെട്ട ഈ സംഹിതക്ക് മാഗ്നകാർട്ട ലിബർറ്റേറ്റം (സ്വാതന്ത്ര്യത്തിന്റെ വലിയ ഉടമ്പടി) എന്നും പേരുണ്ട്. ലാറ്റിൻ ഭാഷയിലെഴുതപ്പെട്ടിട്ടുള്ള ഈ ഉടമ്പടി ലാറ്റിൻ പേരിലാണ് ലോകമെമ്പാടും അറിയപ്പെടുന്നത്. ഇംഗ്ലീഷ് ഭാഷയിലുള്ള ഇതിന്റെ പരിഭാഷയാണ് ഗ്രേറ്റർ ചാർട്ടർ. ചില അവകാശങ്ങൾ വിളംബരം ചെയ്യുന്നതിനും ചില നിയമനടപടിക്രമങ്ങളെ ബഹുമാനിക്കുന്നതിനും, താനും നിയമത്തിന് അധീനനാണ് എന്ന് അംഗീകരിക്കുന്നതിനുമായി ഇംഗ്ലണ്ടിലെ ജോൺ രാജാവാണ് മാഗ്നകാർട്ട ഉടമ്പടിയിൽ ഒപ്പിട്ടത്. രാജാവുമായി ബന്ധപ്പെട്ട ചിലകാര്യങ്ങൾ ഈ നിയമം വ്യക്തമായും സംരക്ഷിക്കുന്നു. ഹേബിയസ് കോർപസിലൂടെ നിയമവിരുദ്ധമായി തടങ്കലിൽ വെക്കുന്നതിനെ ചോദ്യചെയ്യുന്ന നടപടി ഇതിലാണുള്ളത്. ഇന്നത്തെ ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളെ ഭരണഘടനയിലധിഷ്ഠിതമായ സർക്കാർ സംവിധാനത്തിലേക്ക് നയിച്ച ചരിത്രപരമായ വികാസപ്രക്രിയയെ സ്വാധീനിച്ചത് മാഗ്നകാർട്ടയാണെന്ന് വിശ്വസിക്കപ്പെടുന്നു.) ശേഷിച്ച നാലു പകർപ്പുകൾ ചരിത്രത്തിലാദ്യമായി ഒന്നിച്ചുചേർക്കുന്ന വൻ പദ്ധതിക്ക് തുടക്കമിടുന്നതും ബ്രിട്ടീഷ് ലൈബ്രറിയാണ്. മാഗ്നാകാർട്ട നിയമത്തിന്റെ 800-ാം വാർഷികത്തോടനുബന്ധിച്ച് 2015-ലായിരിക്കും ഈ ചരിത്രമുഹൂർത്തം. വാർഷികത്തോടനുബന്ധിച്ച് ബ്രിട്ടനിലുടനീളം ഒരുവർഷത്തെ ആഘോഷപരിപാടികൾ സംഘടിപ്പിക്കുമെന്നും മൂന്നു ദിവസമായിരിക്കും മാഗ്നാകാർട്ട പകർപ്പുകളുടെ കൂടിച്ചേരലെന്നും ലൈബ്രറി അധികൃതർ വ്യക്തമാക്കുന്നു. ബ്രിട്ടനിലെ റണ്ണിമീഡിൽ 1215-നാണ് മാഗ്നാകാർട്ട നിയമം നിലവിൽവന്നത്. രാജ്യത്തെ അടിസ്ഥാനവർഗങ്ങളുടെ ചില ആവശ്യങ്ങൾ ജോൺ രാജാവ് വകവച്ചുകൊടുക്കുന്നതാണ് ഈ നിയമം.

മാഗ്നാകാർട്ടയുടെ ശേഷിക്കുന്ന നാലു പകർപ്പുകളിൽ രണ്ടെണ്ണം ബ്രിട്ടിഷ് ലൈബ്രറിയിലും ഒന്ന് ലിൻക്കോൺ കത്തീഡ്രലിലും മറ്റൊന്ന് സലിസ്ബറി കത്തീഡ്രലിലുമാണ് സൂക്ഷിച്ചിരിക്കുന്നത്. മൂന്നു സ്ഥാപനങ്ങളും യോജിച്ചാണ് ബ്രിട്ടിഷ് ലൈബ്രറിയിൽ ചരിത്ര സംഗമം സാധ്യമാക്കുന്നത്. ഗവേഷകർക്കും പൊതുജനങ്ങൾക്കും മാഗ്നാകാർട്ട നിയമപുസ്തകം ക്രമപ്രകാരം വീക്ഷിക്കുന്നതിന് അവരുടെ ആയുസ്സിൽ ഒരിക്കൽ മാത്രം ലഭിക്കുന്ന അവസരമാണിതെന്ന് ലൈബ്രറി അധികൃതർ പറഞ്ഞു. പ്രദർശനം കാണാനായി ലോകത്തെ പ്രമുഖ ചരിത്രവിദഗ്ധർ എത്തുമെന്നാണു പ്രതീക്ഷിക്കപ്പെടുന്നത്.

ലോകത്തിന്റെ വിജ്ഞാനഭണ്ഡാരത്തെ ചുരുക്കിയാൽ അതിന്റെ മൂന്നിലൊന്നും ബ്രിട്ടീഷ് ലൈബ്രറിക്ക് അവകാശപ്പെട്ടതായിരിക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നാൾക്കു നാൾ ഇത് വിപുലീകരിക്കപ്പെടുകയും ചെയ്യുന്നു. ഇത് എന്തിനെന്ന ചോദ്യം ആരെങ്കിലും ഉയർത്തുമോയെന്നു കരുതിയാവണം, പ്രശസ്ത ചിന്തകനും എഴുത്തുകാരനുമായ ക്രിസ്റ്റഫർ മോർളിയുടെ വരികൾ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു, 'പുസ്തകങ്ങൾ ഇല്ലാത്ത മുറി, ആത്മാവില്ലാത്ത ശരീരം പോലെയാണ്.' ലണ്ടനെ സംബന്ധിച്ച് പ്രത്യേകിച്ചും !!

# മല മേലെ സുന്ദര കാഴ്ചകൾ

## അട്ടപ്പാടിവഴി ഊട്ടിയിലേക്ക്
## പ്രകൃതിയെ തൊട്ടറിഞ്ഞൊരു യാത്ര



രേഖ തോപ്പിൽ

**അതു വേറിട്ടൊരു യാത്രയായിരുന്നു. അട്ടപ്പാടിയിലൂടെ ഊട്ടിയിലേക്ക്. ഗതാഗത കുരുക്കുകളില്ല. അന്തരീക്ഷ മലിനീകരണമില്ല. നീലഗിരി മലനിരകളുടെ ഗരിമ, ശാന്തി, സൗന്ദര്യം...**

സമുദ്ര നിരപ്പിൽനിന്ന് 500 മുതൽ 2500 മീറ്റർ വരെ ഉയരമുള്ള ചെങ്കുത്തായ ഈ മലനിരകളിൽ ഏതുകാലത്തും കാഴ്ചയുടെ വസന്തമാണ്...

അട്ടപ്പാടി മലനിരകളിൽ മഞ്ഞുപെയ്തു തുടങ്ങിയിരിക്കുന്നു. രണ്ടുമാസം മുൻപത്തെ മഴയിൽ കൂലംകുത്തിയൊഴുകിയിരുന്ന ഭവാനിപ്പുഴ ഇപ്പോൾ ശാന്തമാണ്. പശ്ചിമഘട്ട മലനിരകളിൽ വിനോദസഞ്ചാര കാലം സജീവമാവുകയാണ്. 15 ഡിഗ്രിക്കു താഴേക്കു താപനില താഴ്ന്നു തുടങ്ങി. യാത്ര മുന്നേറുമ്പോഴേക്കും അതിൽ ഇനിയും കുറവുവരും.


### യാത്രയുടെ ആരംഭം...

പാലക്കാടുനിന്നു നൊട്ടൻമല വളവു കഴിഞ്ഞാൽ മണ്ണാർക്കാടായി. നെല്ലിപ്പുഴയിൽനിന്നു വലത്തേക്കു തിരിഞ്ഞപ്പോഴേക്കും മേഘപാളികളുടെ തിരശീല മാറ്റി പശ്ചിമഘട്ടം ഒരു വിദൂര ദർശനം നൽകി മറഞ്ഞു. അട്ടപ്പാടി ചുരം റോഡു തുടങ്ങുകയായി. അടിക്കാടുകൾ നിറഞ്ഞ കൊടും വളവുകൾ. വഴിയരികിൽ ചില വ്യൂ പോയിന്റുകളുണ്ട്. പകലിലും കോടമഞ്ഞിറങ്ങുന്ന ഇവിടെ സെൽഫിയെടുക്കുന്നവരുടെ തിരക്കാണ്. വഴിയിലുടനീളം വാനരന്മാരുമുണ്ട്.

മുക്കാലിയിലാണു വളവുകൾ അവസാനിച്ചത്. 27 കൊടുംവളവുകൾ പിന്നിട്ടു കഴിഞ്ഞിരുന്നു. പശ്ചിമഘട്ടത്തിന്റെ നിഗൂഢ സൗന്ദര്യം ആവാഹിച്ചു നിൽക്കുന്ന നിശ്ശബ്ദ താഴ്വരയായ സൈലന്റ് വാലിയിലേക്കുള്ള യാത്ര തുടങ്ങുന്നത് ഇവിടെ നിന്നാണ്. (വനംവകുപ്പിന്റെ ചെക് പോസ്റ്റിൽനിന്നു പാസെടുത്താൽ അവരുടെ വാഹനത്തിൽ അവിടേക്കു പോകാം. കാനന പാതയാണത്. ഹൃദയഹാരിയായ സൈരന്ധ്രിയിലേക്ക് വനത്തിലൂടെ 23 കിലോമീറ്റർ യാത്രയുണ്ട്.)

### ഭവാനിപ്പുഴയുടെ തീരങ്ങളിൽ

മുക്കാലിയിൽനിന്നു മുന്നോട്ടു പോയാൽ താവളമായി. കാട്ടാനകളിറങ്ങുന്ന ഈ പ്രദേശം കൃഷിഭൂമിയാണ്. കുടിയേറ്റ കർഷകരുടെ അധ്വാനത്തിന്റെ വികാസം താവളത്തെ ഒരു നഗരമാക്കി വികസിപ്പിച്ചിട്ടുണ്ട്. എങ്കിലും പൂർവജന്മ സ്മൃതികളുമായി ഈ ആനത്താരയിലൂടെ ഇപ്പോഴും കാട്ടാനക്കൂട്ടം ഇവിടേക്കു വന്നുകൊണ്ടിരിക്കുന്നു. താവളം ജംക്ഷനിൽനിന്ന് ഇടത്തോട്ടു തിരിഞ്ഞാൽ ഊട്ടിയിലേക്കുള്ള വഴിയായി. ഭവാനിപ്പുഴയുടെ തീരത്തുകൂടെയുള്ള യാത്രയാണ്. വഴി പുതൂരിലെത്തിച്ചേരും. പുതൂരിനു സമീപത്തെ രംഗനാഥപുരത്തുവച്ചു വരഗയാർ ഭവാനിപ്പുഴയിൽ സംഗമിക്കുന്നു. അപ്പർ ഭവാനിയിൽനിന്ന് ഒഴുകി വരുന്ന വരഗയാറിന്റെ ഒഴുക്ക് തമിഴ്നാട് അണകെട്ടിയപ്പോൾ നിലച്ചു പോയതാണ്. എങ്കിലും മഴക്കാലത്തു വരഗയാർ ഊർജം ആവാഹിച്ചു ഭവാനിയിലേക്കു വരും. കുറച്ചു ദൂരെയുള്ള ചാവടിയൂർ പാലത്തിൽനി




ന്നു ഭവാനിയുടെ സൗന്ദര്യം പൂർണമായി കാണാം. കാലവർഷക്കാലത്ത് പുഴയുടെ ഉഗ്ര താണ്ഡവത്തിൽ ഈ പാലം മുങ്ങിപ്പോകുന്ന സ്ഥിതിയുമുണ്ട്.

## മുള്ളിയിലേക്ക്

കേരളത്തിനും തമിഴ്നാടിനും അതിരിടുന്നത് മുള്ളിയാണ്. ചാവടിയൂരിൽനിന്ന് 14 കിലോമീറ്റർ അകലെയാണ് മുള്ളി ചെക്പോസ്റ്റ്. ചുവപ്പും റോസും നിറത്തിലുള്ള കൊഴിഞ്ഞിപ്പൂക്കൾ റോഡരികിൽ താലമേന്തി നിൽക്കുന്നു. ടാറിട്ട റോഡിലൂടെയുള്ള യാത്ര സുഗമമാണ്. മുള്ളിയിലെ പൊലീസ് ചെക്പോസ്റ്റിൽ റിപ്പോർട്ടു ചെയ്ത ശേഷമേ മുന്നോട്ടു പോകാനാകൂ. തമിഴ്നാട് സർക്കാരിന്റെ വകയായും ഒരു ചെക്പോസ്റ്റുണ്ട്. കർശന പരിശോധനകൾക്കു ശേഷമേ മുന്നോട്ടു പോകാനാകൂ. തമിഴ്നാടിന്റെ സിസിടിവി ക്യാമറകളെ വെട്ടിച്ചു കടക്കുക സാധ്യമല്ല.

## തമിഴ്നാടിന്റെ ടൂറിസം വികസനം

മുള്ളി ചെക്പോസ്റ്റ് കഴിഞ്ഞ് എട്ടു കിലോമീറ്റർ കഴിഞ്ഞാൽ പില്ലൂർ അണക്കെട്ടായി. പന്തലിട്ടു നിൽക്കുന്ന അരയാലുകളിൽ ഊഞ്ഞാലിട്ടിരിക്കുന്നു. ഡാമിന്റെ വൃഷ്ടി പ്രദേശമാണത്. നിരനിരയായി കുട്ടവള്ളങ്ങൾ. ഫൈബറിൽ നിർമിച്ചവ.



ഇതാണു പർളിക്കാട് എക്കോ ടൂറിസം. ശനി, ഞായർ ദിവസങ്ങളിൽ ഇവിടം സജീവമാകും.

രാവിലെ പത്തുമുതൽ വൈകിട്ട് അഞ്ചുവരെയുള്ള വിനോദ സഞ്ചാര പാക്കേജിന് മുതിർന്നവർക്ക് 500 രൂപ. അഞ്ചുമുതൽ 14 വരെ പ്രായമുള്ള കുട്ടികൾക്ക് 400 രൂപ. ചായ, കാപ്പി, ശീതള പാനീയം എന്നിവയോടെയാണു വരവേൽപ്. വിശാലമായ തടാകത്തിലൂടെ രണ്ടുമണിക്കൂർ ബോട്ട് യാത്ര, വനത്തിലേക്കു ട്രക്കിങ്, കുളിക്കാനുള്ള സൗകര്യം വിഭവ സമൃദ്ധമായ നാടൻ ഭക്ഷണം. കുളികഴിഞ്ഞു വസ്ത്രം മാറാനുള്ള സൗകര്യവുമുണ്ട്.

പുഴകടന്നാൽ പൂച്ചമരത്തൂർ വിനോദ സങ്കേതമായി. തടിയിൽ നിർമിച്ച മൂന്നു കോട്ടേജുകൾ. ഓരോന്നിലും എട്ടു കട്ടിലുകൾ. മുകളിലും താഴെയുമായി സജ്ജീകരിച്ചവ. ഒരേസമയം 24 പേർക്കു താമസിക്കാം. മൂന്നുനേരത്തെ നാടൻ ഭക്ഷണം, വൈകിട്ടു ചായ. രണ്ടു മണിക്കൂർ ബോട്ട് യാത്ര, വനയാത്ര, കുളിക്കാനുള്ള സൗകര്യം. പക്ഷി നിരീക്ഷണം. വേഴാമ്പലുകളുടെ സങ്കേതമാണിത്. ഇവിടെ എത്താനും മുൻകൂട്ടി അറിയിക്കണം. എല്ലാ ദിവസവും പ്രവേശനമുണ്ട്.

20 ആദിവാസി കുടുംബങ്ങളാണു നേതൃത്വം നൽകുന്നത്. വനംവകുപ്പിന്റെ മേൽനോട്ടം എല്ലാ കാര്യത്തിലുമുണ്ട്. വരുമാനം ഈ കുടുംബങ്ങൾക്കു പങ്കുവച്ചു നൽകും. ഫൈബറിലുള്ള കുട്ടവള്ളങ്ങളിലാണു പുഴ കടക്കുന്നത്. വിദഗ്ധരായ ആറു തുഴച്ചിൽക്കാരുണ്ട്. ഗോത്രവർഗക്കാരാണിവർ. സുരക്ഷയ്ക്കായി ലൈഫ് ജാക്കറ്റുകൾ വള്ളത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. കേരളത്തിന് അനുകരിക്കാവുന്ന മാതൃകയാണിത്...

## മഞ്ചൂരിലേക്ക്...

മഞ്ഞിന്റെ ഊരാണു മഞ്ചൂർ. തപസ്സു ചെയ്യുന്ന നീല മലകൾ... നിറഞ്ഞ പച്ചപ്പ്... ഉച്ചയ്ക്കു പന്ത്രണ്ടു മണിയാകുന്നതേയുള്ളൂ. കുളിരുമായി കോടമഞ്ഞിറങ്ങുന്നു. 43 കൊടുംവളവുകൾ (ഹെയർ പിന്നുകൾ) താണ്ടണം മഞ്ചൂരിലെത്താൻ. ഭവാനി, വരഗയാർ നദികളിൽ തമിഴ്നാട് നിർമിച്ച ആറ് അണക്കെട്ടുകൾ വഴിയിൽ കാണാം. പില്ലൂർ, ഗദ്ദ, പറളി, അവലാഞ്ചി, എമറാൾഡ്, അപ്പർ ഭവാനി.

ഊർജോൽപാദനത്തിനും ജലസേചനത്തിനുമാണിവ പ്രയോജനപ്പെടുത്തുന്നത്. കാർഷിക സമൃദ്ധിയുടെ ചിഹ്നങ്ങൾ വഴിയിലുണ്ട്. പച്ചക്കറിയും കൈതച്ചക്കയും നിറഞ്ഞ ഒരു പ്രദേശം കടന്നാൽ തേയിലത്തോട്ടങ്ങളാണ്. ഒറ്റപ്പെട്ട ചെറിയ ചായക്കടകൾ വല്ലപ്പോഴും കണ്ടെങ്കിലായി. കയ്യിൽ ഭക്ഷണം കരുതുകയാണ് ഈ യാത്രയിൽ നല്ലത്. ഇപ്പോൾ ചെറിയ റിസോർട്ടുകൾ ഉയർന്നു തുടങ്ങി. ബാൽക്കണികളോടു കൂടിയ കോട്ടേജുകളാണിവയുടെ സവിശേഷത. ബുക്കിങ്ങിനുള്ള ഫോൺ നമ്പർ എഴുതിവച്ചിട്ടുണ്ടെങ്കിലും പലപ്പോഴും ഓൺലൈൻവഴിയുള്ള ബുക്കിങ്ങാണു നടക്കുന്നത്. വൈകിട്ട് അഞ്ചുമണി വരെയേ ഈ വഴിയിൽ യാത്ര അനുവദിച്ചിട്ടുള്ളൂ. അതുകഴിഞ്ഞാൽ കാട്ടാനക്കൂട്ടം റോഡ് സ്വന്തമാക്കും. കാട്ടുപോത്ത്, കലമാൻ, കാട്ടുപന്നി എന്നിവയ്ക്കു പകലും ഈവഴി സ്വന്തമാണ്.

## കൃഷ്ണാനന്ദയുടെ തപോഭൂമി

ഇതിലേ കടന്നു പോകുന്നവർ ഒഴിവാക്കാത്ത സങ്കേതമാണ് അണ്ണാമല സുബ്രഹ്മണ്യ ക്ഷേത്രം. തമിഴ്നാട്ടിലെ പ്രശസ്തമായ തീർഥാടന കേന്ദ്രമാണിത്. വിഷുവിനാണ് ഇവിടെ ഉത്സവം. ഈ സമയത്ത് ആയിരക്കണക്കിനു ഭക്തജനങ്ങൾ ഇവിടേക്കു പ്രവഹിക്കാറുണ്ട്. സ്വാമി കൃഷ്ണാനന്ദയാണിതു സ്ഥാപിച്ചത്. ക്ഷേത്രത്തിനു സമീപം ഒരു ഗുഹയുണ്ട്. കൃഷ്ണാനന്ദ സ്വാമി ഇവിടെ

ഏറെക്കാലം തപസ്സിരുന്നിട്ടുണ്ട്. തനിക്കു മുൻപും ധാരാളം സിദ്ധന്മാർ ഈ ഗുഹയിൽ വന്നിരുന്നിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

മഞ്ചൂരിൽനിന്ന് 25 കിലോമീറ്റർ അകലെയുള്ള കിണ്ണക്കരയിലേക്ക് പോകാതിരിക്കരുതെന്നു സ്വാമി കൃഷ്ണാനന്ദ പറഞ്ഞു. നീലഗിരി മലനിരകളിലെ മലയാളി തുരുത്താണിത്. പന്ത്രണ്ടു വർഷത്തിലൊരിക്കൽ ഇവിടേക്കു നീലക്കുറിഞ്ഞിപ്പൂക്കൾ വിരുന്നു വരുന്നു. കോടമഞ്ഞിൽ കുളിച്ചു നിൽക്കുന്ന നീല വസന്തം ആസ്വദിക്കാൻ സഞ്ചാരികളുടെ പ്രവാഹമാണ്.

## കൂനൂർ വഴി ഊട്ടിയിലേക്ക്

കിണ്ണക്കരയിൽനിന്നു വീണ്ടും മഞ്ചൂരിലേക്ക്. തേയിലത്തോട്ടങ്ങൾ അതിരിടുന്ന വഴികളിലൂടെ 34 കിലോമീറ്റർ യാത്രയുണ്ട് കൂനൂരിലേക്ക്. മനോ



ഹരമായ ഒരു മലയോര പട്ടണം. വ്യൂ പോയിന്റുകളിൽനിന്നു നോക്കിയപ്പോൾ കോയമ്പത്തൂർ മേട്ടുപ്പാളയം പട്ടണങ്ങളുടെ വിദൂര ദൃശ്യം. ഈ പട്ടണങ്ങളിൽ വൈദ്യുത ദീപം തെളിയുന്ന രാത്രിക്കാഴ്ചകൾക്കു കൂടുതൽ അഴകാണ്. നീലഗിരിയുടെ സവിശേഷതയായ ഹോം മെയ്ഡ് ചോക്കലേറ്റുകളും യൂക്കാലിത്തൈലവും വിൽക്കുന്ന ധാരാളം കടകൾ ഇവിടെ കാണാം.

ഇനി ഊട്ടി റോഡു തുടങ്ങുകയാണ്. കൂനൂരിൽനിന്നു 22 കിലോമീറ്റർ ദൂരമുണ്ട് ഊട്ടി മലനിരകളിലേക്ക്... സമയം അഞ്ചുമണി. താപനില പത്തു ഡിഗ്രിയിലേക്കു താഴ്ന്നു കഴിഞ്ഞിരുന്നു

ഞങ്ങൾ ഊട്ടിയിലേയ്ക്കല്ല വണ്ടി തിരിച്ചത് കിന്നകുറൈ യിലേയ്ക്കാണ്.

മുള്ളി മലൈയും മേൽ കുന്ദയും പിന്നിട്ടു ഞങ്ങൾ യാത്ര തുടങ്ങി.വഴിയരികിൽ പേരറിയാത്ത പൂമരങ്ങൾ വൻമരങ്ങൾ എല്ലാം കണ്ണിനു കുളിരേകി തായ് ഷോളെ എസ്റ്റേറ്റിനു സമീപമെത്തും മുന്പെ നല്ലൊരു വെള്ളച്ചാട്ടമുണ്ട്.അവിടെ പലരും വണ്ടി നിറുത്തി സെൽഫി എടുക്കുന്ന തിരക്കിലാണ്. അതാ കണ്ടു തുടങ്ങി തായ് ഷോളൈ എസ്റ്റേറ്റ് .മനോഹരമായി വെട്ടിനിറുത്തിയ ഈ ടീതോട്ടം ഇരുഭാഗങ്ങളിലുമായി 750ഏക്കറിൽ മേലെ യായി വ്യാപിച്ചു കിടക്കുന്നു.

തായ് ഷോളൈ എസ്റ്റേറ്റ് തൊഴിലാളികൾക്കായി ഒരു നല്ല ഡിസ്പെൻസറി അവിടെ പ്രവർത്തിക്കുന്നുണ്ട്.

കിന്നകുറൈയ്ക്കുള്ള പാത വളരെ നല്ലതായിരുന്നു. അതുകൊണ്ട് തന്നെ ഞങ്ങളുടെ യാത്ര വളരെ സുഗമമായി തോന്നിച്ചു. ഇടയ്ക്കിടെ കടുത്ത മൂടൽ മഞ്ഞ് ഞങ്ങളുടെ മുന്നോട്ടുള്ള കാഴ്ച മറച്ചു. ഇനി പാത രണ്ടായി പിരിയുകയാണ് ഒന്നു അപ്പർ ഭവാനിയിലേയ്ക്ക് .മറ്റൊന്നു കിന്നകുറൈയിലേയ്ക്ക്. ഞങ്ങളുടെ വണ്ടി കിന്നകുറൈ യെ ലക്ഷ്യമാക്കി കുതിച്ചു.ഇരുവശങ്ങളിലും തിങ്ങിനിറഞ്ഞ വൻമരങ്ങൾ .പാതയോരങ്ങളിൽ ഇരുട്ടു നിറച്ചു.. കുറച്ചു ദൂരം ചെന്നപ്പോൾ ഇലകൊഴിഞ്ഞ് ചുവപ്പു രാശി പരന്നമരങ്ങൾ ഞങ്ങൾ കണ്ടു. ഞങ്ങൾ കാറിൽ നിന്നിറങ്ങി ആ മരങ്ങളുടെ സമീപത്തേയ്ക്ക് ചെന്നു. കാട്ടുതീയിൽ ഇലകൾ കരിഞ്ഞുപോരയവയായിരുന്നു.ഇതിനിടയിൽ ചില കോവിലുകളും ചെറുവെള്ളച്ചാട്ടങ്ങളും ഉയർന്നു നിൽക്കുന്ന

തണ്ണി കണ്ടി മലനിരകളും താണ്ടി ഞങ്ങൾ കിന്നകുറൈയിലെത്തി. നിറയെ ഗ്രാമീണർ പാതയോരങ്ങളിൽ വെയിൽ കായുന്നു. ഇവിടെ കിന്നകുറൈ കോർപ്പറേറ്റീവ് ടീഫാക്ടറി ഉണ്ട് . ഇതിലേയ്ക്ക് തേയില കൊടുക്കുന്നത്. ഇവിടുത്തെ ചെറുകിട കർഷകരാണ്. ഇവിടെ ആകെ ഒരു ചായക്കടയെ ഉള്ളൂ. അതിൽ വടയും ചായയും മാത്രമേ ഉള്ളൂ. ആചായക്കടയിൽ നിന്നു ഞങ്ങൾക്കു മുരുകൻ എന്നൊരാളെ കൂട്ടുകിട്ടി. അയാൾ ഞങ്ങളെ അവിടെയുള്ളഹിരിയാ സിരിഗായി ഗ്രാമത്തിലേയക്ക് കൂട്ടി കൊണ്ടുപോയി.അവിടുത്തെ ജനങ്ങൾ പട വർഗ്ഗക്കാരാണ്.അവരെപ്പോഴും മറ്റു ജങ്ങളിൽനിന് വേറിട്ടു താമസിക്കുന്നു.കാണാൻ നല്ല സുന്ദരികളും സുന്ദരൻമാരു മാണിവർ. പിന്നെ ആഗ്രാമത്തിൽ നിന്ന് ഞങ്ങൾ നേരെ പോയത് സോനാർ ഗല്ലിലേയ.ക്കാണ്.അംഗാൾ മലയും ഊരടമലയും സോനാർഗല്ലയെ ചുറ്റികിടക്കുന്നു. ഭംഗിയുള്ള താഴ്വാരങ്ങൾ ഉയർന്നു നിൽക്കുന്ന മലനിരകൾ .മൂടൽമഞ്ഞൊഴിഞ്ഞപ്പോൾ ആവ്യൂ പോയൻറിൽ നിന്നു ഞങ്ങൾ താഴെ കേരളം കണ്ടു . നമ്മുടെ കുന്തി പുഴയും അതാ തൊട്ടടുത്ത്... ആ വ്യൂ പോയൻറിനു താഴെ ഒരു ഒറ്റയടി പാത കാണാം .അതിലൂടെ ഏഴു കിലോമീറ്റർ നടന്നാൽ നമ്മൾ കേരളത്തിലെ ചാവടിയൂരിലെത്തും..




# സാർത്ഥകമായ യാത്രയും സഫലമായ വായനയും

# ബുദ്ധ ഒരു നോവൽ – ആസ്വാദനം

**എം. കെ. ശശീന്ദ്രൻ**



**ചന്ദ്രശേഖർ നാരായണൻ**

പണ്ട് ബുദ്ധമതത്തിന് പശ്ചിമഘട്ടത്തിനും അറബിക്കടലിനും ഇടയിൽ സ്ഥിതിചെയ്യുന്ന ഭാർഗവ ക്ഷേത്രത്തിൽ വളരെയേറെ സ്വാധീനം ഉണ്ടായിരുന്നു. എന്നാൽ ബുദ്ധന്റെ ജീവിതത്തെക്കുറിച്ച് സാഹിത്യത്തിൽ അധികം രചനകളൊന്നും ഉണ്ടായിട്ടില്ല. ബുദ്ധന്റെ ജീവിതത്തെക്കുറിച്ച് അന്വേഷണം ഒരു നോവലിന്റെ പിറവിക്ക് കാരണമായി. അപ്രകാരം മലയാള സാഹിത്യത്തിന് ലഭിച്ച ഒരു സർഗാത്മകസൃഷ്ടിയാണ് ചന്ദ്രശേഖർ നാരായണന്റെ 'ബുദ്ധ ഒരു നോവൽ' എന്ന കൃതി. വിശ്രമമില്ലാതൊഴുകുന്ന ഒരു നദിപോലെയാണ് നോവലിന്റെ ഘടന.

സാരനാഥിലെ ധർമചക്രപ്രഘോഷണം കഴിഞ്ഞ് പാവനഗരിയിലെ ഹിരണ്യനദീതീരത്തെത്തിയ ബുദ്ധനെ അവതരിപ്പിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. കുറച്ചുദിവസങ്ങൾ നീണ്ടുനിന്ന ധർമപ്രഭാഷണമാണ് ബുദ്ധൻ അവിടെ നടത്തുന്നത്. അതിനായി ബുദ്ധനും സംഘവും അവിടെ തമ്പടിച്ചിരിക്കുകയാണ്. കൂടെ ആനന്ദഭിക്ഷുവുമുണ്ട്. എല്ലാ ദിവസവും പ്രഭാഷണം ശ്രവിക്കാൻ എത്തിയിരുന്ന ഒരു ബാലികയെ കാത്ത് ബുദ്ധൻ ഇരുന്നു. മറ്റു ശ്രോതാക്കളിൽ ഈ കാത്തിരിപ്പ് ആശങ്കയുണ്ടാക്കി. വളരെ നിസ്സംഗതയോടെ ബുദ്ധൻ ഈ പെൺകുട്ടിയോടു ചോദിച്ചതിനെല്ലാം ദാർശനികമായ മറുപടി അവൾ നൽകി. നാട്ടുകാർക്കും അതു ബോധ്യപ്പെട്ടു. കുശിനാരയിലെ കൊല്ലപ്പണിക്കാരനായ ചുന്ദന്റെ മകളായ പൃഥിവി ആണ് അവൾ.

തുടർന്നുള്ള യാത്രയിൽ ബുദ്ധനോടൊപ്പം ആനന്ദഭിക്ഷു, പൃഥിവി എന്നിവരും കൂടി. മറ്റു ഭിക്ഷുക്കൾ അവിടെ വൃക്ഷഛായയിൽ താല്ക്കാലികമായി തങ്ങി. ബുദ്ധൻ, ആനന്ദഭിക്ഷു, കൂടെ ആത്മാന്വേഷണവും പ്രപഞ്ചസ്നേഹവുമായി പതിനാറുവയസുള്ള പെൺകുട്ടിയും. ക്ലേശകരമായ യാത്രയിൽ ബുദ്ധൻ സാരോപദേശം ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസത്തെ യാത്ര വയൽപൂക്കളുടെ ഇടയിലൂടെയായിരുന്നു. വിരിഞ്ഞുവിലസിച്ചു നിന്ന വയൽപൂക്കളെയും പാറിപറക്കുന്ന തേനീച്ചകളെയും ബുദ്ധൻ പരാമർശവിഷയമാക്കി ചർച്ച തുടർന്നു. ഇതിനെകുറിച്ച് പൃഥിവിയുടെ അഭിപ്രായം ബുദ്ധൻ ആരാഞ്ഞു.

'അങ്ങുമിപ്പോൾ ഈ വയൽപൂക്കളിൽ ഒന്നായി തീർന്നിരിക്കുന്നതുപോലെ തോന്നുന്നു. അസ്തമയ സൂര്യന്റെ സ്വർണശോഭയും അങ്ങ് ഉടുത്തിരിക്കുന്ന മഞ്ഞച്ചേലയും പീതവർണമാർന്ന വയൽപ്പൂക്കളും ഒരുമിച്ചുനോക്കുമ്പോൾ യാതൊരു വ്യത്യാസവുമില്ല.' ഇതായിരുന്നു അവളുടെ മറുപടി. ചിന്താനിർഭരവും കാല്പനികവുമായ മൊഴികളിലൂടെ ബുദ്ധന്റെ ചിന്തകളിലേക്ക് പൃഥിവി കടന്നുകയറി. ബുദ്ധനാകട്ടെ 'നാം ഓരോരുത്തരും ഓരോ പൂക്കൾതന്നെ' എന്ന് ചിന്താബന്ധുരമായ ഉത്തരവും നല്കി. ഇപ്രകാരം പ്രപഞ്ചത്തിലെ ഓരോ സംഗതികൾ അനുയാത്രക്കാരെ ധരിപ്പിക്കുകയും അവരിൽനിന്നും ഉത്തരം സ്വീകരിച്ചുമാണ് ജനപഥങ്ങളിലൂടെയും ഗ്രാമാന്തരങ്ങളിലൂടെയും സംഘം സഞ്ചരിച്ചിരുന്നത്. ഓരോ പ്രദേശത്തും ബുദ്ധനെ കാണാനും ശ്രവിക്കാനും ആളുകൾ കൂട്ടംകൂടി നിന്നിരുന്നു. വ്യത്യസ്ത വിഷയങ്ങളെക്കുറിച്ച് യുക്തിപൂർവ്വം സംസാരിച്ച് ജനങ്ങളുടെ ജീവിതത്തെ കൂടുതൽ പ്രകാശമാനമാക്കുക എന്നതായിരുന്നു ധർമപ്രഭാഷണത്തിന്റെ രീതി.

പ്രപഞ്ചത്തിലെ ഏതു വസ്തുവിനെയും ബുദ്ധന്റെ ദർശനത്തിലൂടെ അർഥപൂർണിമ വരുത്തി അനുചരന്മാരിലേക്ക് പകരുന്ന ഒന്നായിരുന്നു ധർമപ്രഭാഷണങ്ങൾ. രാജാവും, നാട്ടുപ്രമാണിയും, കർഷകനും, അധഃകൃതനും എന്നുവേണ്ട നരരൂപം പൂണ്ട ഏവരും ആ മൊഴിമുത്തുകൾ സ്വീകരിച്ചു. അവർക്ക് മാനസാന്തരം ഉണ്ടാകുന്നു.


പന്ത്രണ്ടുവർഷംകൂടി കപിലവസ്തുവിൽ ബുദ്ധൻ എത്തിച്ചേർന്നു. പിതാവും പുത്രനും തമ്മിലുള്ള സംഗമവും ഭാര്യയും പുത്രനും തമ്മിലുള്ള

സംഗമവും ഇതെല്ലാം വികാരതലത്തിലും വിചാരതലത്തിലും നോവലിൽ അവതരിപ്പിക്കുന്നുണ്ട്.

ബുദ്ധൻ തന്റെ മകനെ ചേർത്തുപിടിച്ച് നെറ്റിയിൽ ചുംബിച്ചു എന്നിട്ട് തന്റെ കൈയിലെ ഭിക്ഷാപാത്രമെടുത്ത് യശോധരയുടേയും രാഹുലന്റേയും കൈകൾ ചേർത്തുപിടിച്ച് അവർക്കു നല്കി.

തന്റെ കൈയിൽ ഇതല്ലാതെ നിങ്ങൾക്കു തരാനായി വേറെയാതൊന്നുമില്ല. ഞാൻ വന്നത് യഥാർത്ഥത്തിൽ നിങ്ങളെ എന്നോടൊപ്പം കൊണ്ടുപോകാനാണ്. വരൂ... നമുക്കു പോകാം...

അവരും ബുദ്ധനോടൊപ്പം സഞ്ചരിച്ചു. ആ സഞ്ചാരപഥങ്ങൾ അത്രയും പരിശുദ്ധമായിരുന്നു. നാടും നഗരവും ബുദ്ധന്റെ തത്വങ്ങളിൽ ആകൃഷ്ടരായി. അവരത് നെഞ്ചിലേറ്റി. യുദ്ധങ്ങൾ ഒഴി




വായി. കന്മഷങ്ങളും കാപട്യങ്ങളും ഒഴിഞ്ഞു. ഇതെല്ലാം വായനക്കാരെ നേരിട്ട് അനുഭവിപ്പിക്കുന്നതിന് നോവലിസ്റ്റിന് കഴിഞ്ഞിട്ടുണ്ട്.

ബുദ്ധഭിക്ഷുവായിതീർന്ന മകന്റെ അന്ത്യാഭിലാഷം പൂർത്തീകരണത്തിനായി കാശിയിലെ ആതുരാശ്രമത്തിൽ കഴിയുന്ന യശോധര വന്നെത്തുന്നു. രോഗശയ്യയിലായ രാഹുലൻ ശരണമന്ത്രങ്ങൾ ഏറ്റുപറഞ്ഞ് മാതാവിന്റെ മടിയിൽ കിടന്ന് കണ്ണുകളടയ്ക്കുന്നു.

മകന്റെ നിർവ്വാണസമയം ബുദ്ധൻ നാട്ടിൽ ഉണ്ടായിരുന്നില്ല. ആ വാർത്ത അറിഞ്ഞപ്പോൾ പ്രതികരണം ഇപ്രകാരമായിരുന്നു. 'അവരവരുടെ കർമങ്ങൾ തീരുമ്പോൾ ഈ ശരീരം ഉപേക്ഷിച്ചല്ലേ മതിയാകൂ. അതിൽ ദുഃഖത്തിനു സ്ഥാനമില്ല.

ബുദ്ധമതത്തെ പ്രതിരോധിക്കുന്നതിനായി ഹിന്ദുമതത്തിൽനിന്നും നേരിടേണ്ടിവന്ന എതിർപ്പുകളും നോവലിൽ അവതരിപ്പിക്കുന്നുണ്ട്. ജനപദഗൗഡ രാജാവായ ശാശാങ്കന്റെ രാജാധികാരത്തിൽപ്പെട്ട ഒരു ദേശത്ത് ബുദ്ധന്റെ സംഘം എത്തുകയും അവിടെ കുളിക്കാനായി ഒരു കുളക്കരയിലെത്തി. തദ്ദേശീയർ ഇതിനെ തടഞ്ഞു.

'ഈ കുളം ബ്രാഹ്മണരായ ആചാര്യന്മാർക്ക് ദൈവപൂജക്ക് ദേഹശുദ്ധിവരുത്താനുള്ളതാണ്. അല്ലാതെ നിങ്ങളെപോലെ പുരോഹിതന്മാരെയും വേദാചാരങ്ങളെയും ബലികർമ്മങ്ങളെയും നിഷേധിച്ചുനടക്കുന്ന നാടുതെണ്ടികൾക്കുള്ളതല്ല.' എന്നു വിലക്കുന്നുണ്ട്. മാത്രമല്ല; ബ്രാഹ്മണദ്രോഹികളും ദൈവനിഷേധികളുമായ ഇവരെ കാട്ടുവള്ളികൾകൊണ്ട് വരിഞ്ഞുകെട്ടി ചുട്ടുപഴുപ്പിച്ച മുളവടികൊണ്ട് ആസകലം ദണ്ഡിക്കുകയാണ് വേണ്ടത് എന്നും ആക്രോശിച്ചു. ബുദ്ധമതത്തിന് ഭാരതത്തിൽനിന്നും പാലായനം ചെയ്യേണ്ടിവന്ന ചരിത്രം ഈ നോവലിൽ ഒളിഞ്ഞുകിടപ്പുണ്ട്.

നാടകീയമായിട്ടാണ് ബുദ്ധന്റെ നിർവ്വാണം നോവലിസ്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. പൃഥിവിയുടെ കുടിലിൽ ബുദ്ധൻ എത്തിച്ചേർന്നപ്പോഴെ അവളുടെ മാതാവ് ചൂർണ്ണിതയും പിതാവ് ചുന്ദനും ബുദ്ധന്റെ അനുയായിയായി തീർന്നിരുന്നു.

നിർവ്വാണഘട്ടത്തിൽ ഇനി ഞങ്ങൾക്കൊരു മാർഗമറിയില്ലെങ്കിൽ ആരോടാണ് ആരായുക എന്ന ആനന്ദഭിക്ഷുവിന്റെ ചോദ്യത്തിന് ബുദ്ധൻ അനുകമ്പയോടെ മറുവാക്കുചൊല്ലി. 'ആനന്ദാ നീ നിന്റെ വെളിച്ചമായി മാറുക. നിനക്ക് നീതന്നെയാണ് ശരണം. നിനക്ക് നീതന്നെയാണ് ധർമവും. അതിനാൽ നീയും ഒരു ബുദ്ധനായി തീരുക.' അപ്രകാരം ബുദ്ധഭഗവാൻ നിർവ്വാണം പ്രാപിച്ചു.

വൈരിയായ ഉപഗുപ്തനെ കരുണയിലും ജാതിയും വർണാശ്രമ നിയമങ്ങൾ ലംഘിച്ച ആനന്ദഭിക്ഷുവിനെ ചഞ്ചാലഭിക്ഷുകിയിലും നാം ആശാനിലൂടെ കണ്ടുമുട്ടുന്നുണ്ട്. ചാമർനായകന്റെ കിടാത്തിയായ മാതംഗിയെയും ചണ്ഡാലഭിക്ഷുകിയിൽ നാം കണ്ടെത്തി. മാതാംഗിയുടെ മറ്റൊരു രൂപമല്ലെ കൊല്ലപ്പണിക്കാരന്റെ കിടാത്തിയായ പൃഥിവി. ഏതായാലും ഒരു ബുദ്ധന്റെ കല്പിതകഥയിലൂടെ എഴുത്തുകാരന്റെ പരമസ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട് അവതരിപ്പിച്ച കഥ ജീവൻ വഴിയുന്നതാണ്. ബുദ്ധന്റെ നീതിസാരം ജനങ്ങളിലേക്ക് പകരുന്നതിനായി തിരഞ്ഞെടുത്ത സാങ്കേതങ്ങളും മുഹൂർത്തങ്ങളും ഭാഷയും എല്ലാം അഭിനന്ദനവും ഏറ്റുവാങ്ങുന്നു. ആവിഷ്കാരമികവും ആത്മാർഥമായ ആവിഷ്കരണപടുത്വവും കൊണ്ട് പൊതുവേ വിരസമാകുമായിരുന്ന ബുദ്ധകഥ മനോഹരമാക്കിതീർക്കുന്നതിന് നോവലിസ്റ്റിന് കഴിഞ്ഞിട്ടുണ്ട്.

കായികരംഗത്തെ പുത്തൻ പ്രവണതകൾ അവതരിപ്പിക്കുന്ന പംക്തിയാണ് **മൈതാനം.** സ്കൂൾ തലം മുതൽ അന്തർദേശീയ കായികമത്സരങ്ങളുൾപ്പെടെ ഇന്ത്യൻ പ്രതിഭാസാന്നിധ്യം ഇവിടെ പരാമർശിക്കപ്പെടും. അഭിനന്ദനാർഹമായ നേട്ടങ്ങളും കുറവുകൾ പരിഹരിക്കുന്നതിനുള്ള നിർദേശങ്ങളും സമഗ്രമായി പ്രതിപാദിക്കുന്നതാകും ഈ പംക്തി.



## മൈതാനം

റയൻ ജോസഫ്

# കേരള ബ്ലാസ്റ്റേഴ്സ് ആദ്യ ഒമ്പത് മത്സരങ്ങളിൽ

ഡിസംബർ ഇരുപതിന് ചെന്നൈയിൽ വച്ചായിരുന്നു ബ്ലാസ്റ്റേഴ്സിന്റെ ഈ സീസണിലെ ഒമ്പതാം മത്സരം. മത്സരത്തിൽ ചെന്നൈക്ക് എതിരെ ഒന്നിനെതിരെ മൂന്നു ഗോളുകൾക്ക് പരാജയപ്പെട്ടു. കളിയുടെ ആദ്യപകുതിയിൽ തന്നെ മൂന്നു ഗോളുകൾ ബ്ലാസ്റ്റേഴ്സ് വഴങ്ങി. ഡിഫൻസ്റ്റേഴ്സിനായിരുന്നു ഇക്കുറി പഴിയെല്ലാം ഏൽക്കേണ്ടിവന്നത്. ഗോൾവലക്ക് കാവലാവേണ്ടവർ മിഡ്ഫീൽഡേഴ്സിന്റെ ഭാരം ചുമന്നാലുണ്ടാകാവുന്ന വീഴ്ചകൾ ഈ മത്സരത്തിൽ നിന്നുള്ള പാഠവും. എ



ന്നാൽ അതുവരെയുള്ള ഒമ്പത് മത്സരങ്ങളിലെ ആദ്യമത്സരം ഒഴിച്ചാൽ, സ്ഥിതി അത്ര വ്യത്യസ്തം എന്നു പറയാനാവില്ല. ആദ്യ മത്സരത്തിൽ കോൽക്കത്തക്കെതിരെ ഒന്നിനെതിരെ രണ്ട് ഗോളിന് വിജയം. പിന്നീടങ്ങോട്ട് നാല് സമനിലയും നാല് തോൽവിയും. പോയിന്റ് ടേബിളിൽ ആദ്യ നാലു സ്ഥാനങ്ങളിലെത്തുക എന്നത് ഓരോ മത്സരത്തിനുശേഷവും പ്രയാസമേറിക്കൊണ്ടേയിരിക്കുന്നു.

ചെന്നൈയും ഒഡീഷയും നാല് തോൽവികളുമായി ഒപ്പത്തിനുണ്ടെന്നു മാത്രം. ഡിസംബർ 26 വരെയുള്ള കണക്കുകൾ പ്രകാരം പത്ത് മത്സരത്തിൽനിന്ന് 22 ഗോളുകൾ ഉൾപ്പെടെ ആറ് ജയവുമായി ഗോവയാണ് ഒന്നാം സ്ഥാനത്ത്. ആദ്യ 10 മത്സരങ്ങളിൽ ആകെ 56 ഷോട്ടുകൾ ഗോൾവലക്ക് നേരെ ഗോവ അടിച്ചുകൂട്ടി. അതിൽ 22 എണ്ണം ഗോളുകളായി. ബ്ലാസ്റ്റേഴ്സ് ആകട്ടെ ആദ്യ 9 മത്സരങ്ങളിൽ ഗോൾവലയിലേക്ക് ഉന്നം വച്ചത് 29 തവണയും. അതിൽ ഗോളായി മാറിയത് 9 തവണയും. ഗോവയുടേത് ഇരുപതിലധികം മഞ്ഞ കാർഡുകളും മൂന്നോളം റെഡ് കാർഡും ഏറ്റുവാങ്ങിയ ആക്രമണാത്മകമായ രീതിയെങ്കിലും ബ്ലാസ്റ്റേഴ്സ് ഇക്കുറി റെഡ് കാർഡുകൾ പാടേ

| POS | CLUB | M | W-D-L | GD | PTS |
|---|---|---|---|---|---|
| 1. | FC Goa | 9 | 5-3-1 | 9 | 18 |
| 2. | Bengaluru FC | 9 | 4-4-1 | 6 | 16 |
| 3. | ATK FC | 9 | 4-3-2 | 9 | 15 |
| 4. | Jamshedpur FC | 9 | 3-4-2 | 1 | 13 |
| 5. | Mumbai City FC | 9 | 3-4-2 | -1 | 13 |
| 6. | NorthEast United FC | 8 | 2-4-2 | -3 | 10 |
| 7. | Odisha FC | 9 | 2-3-4 | -3 | 9 |
| 8. | Chennaiyin FC | 8 | 2-3-3 | -4 | 9 |
| 9. | Kerala Blasters FC | 9 | 1-4-4 | -4 | 7 |
| 10. | Hyderabad FC | 9 | 1-2-6 | -10 | 5 |

വേണ്ടെന്നു വച്ചിരിക്കുകയാണ്. 16 മഞ്ഞകാർഡുകളാണ് ആദ്യ ഒമ്പത് മത്സരങ്ങളിൽ ബ്ലാസ്റ്റേഴ്സ് വഴങ്ങിയത്. ഫൗളുകളുടെ ആകെ എണ്ണത്തിലും പോയിന്റ് ടേബിളിലെ മുൻനിര ടീമുകളെ അപേക്ഷിച്ച് മാന്യർ തന്നെ. ആകെ പിഴവ് എതിർടീമിന്റെ ഗോൾവല കിലുക്കുന്നതിനുള്ള നീരസവും, ഇഞ്ചുറി സമയം ഉൾപ്പെടെ സ്വന്തം ഗോൾവല കിലുക്കാൻ എതിർടീമുകൾക്ക് പലപ്പോഴും സുവർണാവസരം ഒരുക്കുന്നതും. ഡിസംബർ ഒന്നിന് ഗോവയ്ക്കെതിരെ കൊച്ചിയിൽ നടന്ന മത്സരത്തിൽ വിജയം സമനിലയായി മാറിയത് ഇഞ്ചുറി ടൈമിലാണ്. ഷോട്ടുകളിലും പാസുകളുടെ കൃത്യതയിലും എണ്ണത്തിലും ബോൾ പൊസിഷനിലും എല്ലാം ഒന്നാം സ്ഥാനത്തിരിക്കുന്ന ഗോവയേക്കാൾ മുന്നിലായിരുന്നു ഈ മത്സരത്തിൽ ബ്ലാസ്റ്റേഴ്സ്. പലവട്ടം സംഭവിച്ചപോലെ നിർഭാഗ്യം ഇഞ്ചുറി ടൈമിൽ ഒരിക്കൽ കൂടി വില്ലനായി ഈ മത്സരത്തിലും. എങ്കിലും അടുത്തിടെ പുറത്തുവ


ന്ന പഠനറിപ്പോർട്ടുകൾ പ്രകാരം സോഷ്യൽ മീഡിയകളിൽ ഏറ്റവും അധികം ആരാധകർ പിന്തുടരുന്നത് ബ്ലാസ്റ്റേഴ്സിനെതന്നെ. ശേഷം ചെന്നൈയും കൊൽക്കത്തയും. രണ്ടുതവണ ഐഎസ്എൽ ലീഗിന്റെ ഫൈനലിൽ കളിച്ച ടീം എന്നതിലുപരി മഞ്ഞപ്പടയുടെ പ്രതീക്ഷകൾ വരും മത്സരങ്ങളിൽ ബ്ലാസ്റ്റേഴ്സ് കൈവിടില്ല എന്നു പ്രതീക്ഷിക്കാം. എത്ര തോറ്റാലും മഞ്ഞപ്പടക്ക് എന്നും ഒരേ ഒരു ടീം. മുഖ്യ പരിശീലകൻ ഇൻകോ ഷട്ടോരിയും ടീമും വരും മത്സരങ്ങളിൽ തുടർതോൽവികൾ ഒഴിവാക്കി പ്രതാപകാലം വീണ്ടും തിരിച്ചെടുക്കും എന്നുതന്നെ കരുതാം.

# ഇന്ത്യൻ പ്രീമിയർ ലീഗ് – 2020 IPL

| Name | Country | Playing Role | IPL Matches | IPL Team 2020 | Auctioned Price (in ₹ Lacs) |
|---|---|---|---|---|---|
| Chris Lynn | | Batsman | 41 | Mumbai Indians | 200 |
| Eoin Morgan | | Batsman | 52 | KKR | 525 |
| Robin Uthappa | | Batsman | 177 | Rajasthan Royals | 300 |
| Jason Roy | | Batsman | 8 | Delhi Capitals | 150 |
| Aaron Finch | | Batsman | 75 | RCB | 440 |
| Glenn Maxwell | | All Rounder | 69 | Kings XI Punjab | 1075(10.75 Crores) |
| Chris Woakes | | All Rounder | 18 | Delhi Capitals | 150 |
| Pat Cummins | | All Rounder | 16 | KKR | 1550(15.50 Crores) |
| Sam Curran | | All Rounder | 16 | CSK | 550 |
| Chris Morris | | All Rounder | 61 | RCB | 1000(10 Crores) |
| Alex Carey | | Wicket Keeper | | Delhi Capitals | 240 |
| Nathan Coulter-Nile | | Fast Bowler | 26 | Mumbai Indians | 800 |
| Sheldon Cottrell | | Fast Bowler | | Kings XI Punjab | 850 |
| Piyush Chawla | | Spinner | 157 | CSK | 675 |
| Shimron Hetmyer | | Batsman | 5 | Delhi Capitals | 775 |
| David Miller | | Batsman | 79 | Rajasthan Royals | 75 |
| Saurabh Tiwary | | Batsman | 81 | Mumbai Indians | 50 |
| Mitchell Marsh | | All-Rounder | 20 | Sunrisers Hyderabad | 200 |
| James Neesham | | All-Rounder | 4 | Kings XI Punjab | 50 |
| Josh Hazlewood | | Fast Bowler | | CSK | 200 |
| Chris Jordan | | All-Rounder | 11 | Kings XI Punjab | 300 |
| Marcus Stoinis | | All-Rounder | 29 | Delhi Capitals | 480 |
| Dale Steyn | | Bowler | 92 | RCB | 200 |

ഈ വർഷത്തെ IPL ലീഗ് മത്സരങ്ങൾക്ക് മാർച്ച് 23ന് ചെന്നൈയിൽ തുടക്കമാകും. ആദ്യമത്സരം ചെന്നൈയും മുംബൈയും തമ്മിൽ. ഫൈനൽ മത്സരം മേയ് 12ന് മുംബൈ വാംഖഡെ സ്റ്റേഡിയത്തിൽ നടക്കും. കഴിഞ്ഞവർഷം ഡിസംബർ 19ന് കൊൽക്കത്തയിൽ വച്ചാണ് കായികതാരങ്ങൾക്കായുള്ള IPL 2020 ലേലം നടന്നത്. ഇക്കുറിയും ഞെട്ടിക്കുന്ന ലേലങ്ങൾ ഫ്രാഞ്ചൈസികൾ നടത്തിയിട്ടുണ്ട്. ഓസ്ട്രേലിയൻ ഫാസ്റ്റ് ബോളർ പാറ്റ് കമ്മിൻസ് ലേലത്തിലെ വിലയേറിയ താരമായി മാറി. 15.5 കോടി രൂപയ്ക്ക് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ആണ് കമ്മിൻസിനെ വാശിയേറിയ ലേലത്തിനൊടുവിൽ സ്വന്തമാക്കിയത്. മികച്ച ഓൾ റൗണ്ടർ കൂടിയാണ് പാറ്റ് കമ്മിൻസ്. പത്ത് കോടിക്ക് മുകളിൽ വിലയേറിയ 2020 ലേലത്തിലെ മൂന്ന് താരങ്ങളും ഓൾ റൗണ്ടർമാർ തന്നെ. ഓസ്ട്രേലിയയുടെ തന്നെ ഓൾ റൗണ്ടർ മാക്സ്വെൽ പട്ടികയിൽ രണ്ടാം സ്ഥാനത്ത് ഇടംനേടി. സൗത്ത് ആഫ്രിക്കൻ ഓൾ റൗണ്ടർ ക്രിസ് മോറിസ് മൂന്നാം സ്ഥാനത്തും. 10.75 കോടിക്ക് മാക്സ്വെലിനെ പഞ്ചാബും 10 കോടിക്ക് മോറിസിനെ ബാംഗളൂരുവുമാണ് ടീമിലെത്തിച്ചത്. വെസ്റ്റ് ഇൻഡീസ് ഫാസ്റ്റ് ബൗളർ ഷെൽഡൻ കോട്രെല്ലിനെ പഞ്ചാബ് എട്ടരകോടിക്ക് ലേലത്തിൽ പിടിച്ചത് ഒട്ടേറെ പേരെ ആശ്ചര്യപ്പെടുത്തി. ജമയ്ക്കൻ ഡിഫൻസ് ഫോർസ് അംഗമായ കോട്രെല്ലിനെ സല്യൂട്ട് അടിച്ചുകൊണ്ടാണ് പലപ്പോഴും തന്റെ വിക്കറ്റ് നേട്ടം കളിക്കളത്തിൽ ആഘോഷിക്കാറുള്ളത്. നഥാൻ കോൾട്ടർ നൈലിനെ എട്ട് കോടിക്ക് മുംബൈ ഇന്ത്യൻസും ടീമിലെത്തിച്ചു.

നഥാൻ കോൾട്ടർ നൈൽ 32 വയസ് പ്രായമുള്ള ഏറെ പരിചയസമ്പന്നനായ ഓസ്ട്രേലിയയുടെ വലതുകൈ പേസ് ബോളറാണ്. 7.75 കോടിക്ക് വെസ്റ്റ് ഇൻഡീസ് ബാറ്റ്സ്മാൻ ഷിമ്രോൺ ഹെറ്റ്മിയറിനെ ഡൽഹിയും 6.75 കോടിക്ക് ഐപിഎല്ലിൽ ഏറെ പരിചയസമ്പത്തുള്ള ഇന്ത്യൻ താരം പിയൂഷ് ചൗളയെ ചെന്നൈയും ലേലത്തിൽ വാങ്ങി. ഇംഗ്ലണ്ട് ടീം ക്യാപ്റ്റൻ മോർഗൺ കൊൽക്കത്തക്കുവേണ്ടിയും റോബിൻ ഉത്തപ്പ രാജസ്ഥാൻ റോയൽസിനു വേണ്ടിയും ഈ സീസണിൽ കളിക്കും. ന്യൂസിലൻഡ് താരം ജയിംസ് നിഷാം പഞ്ചാബിലും ഇംഗ്ലണ്ട് ടീം ഓപ്പണിംഗ് ബാറ്റ്സ്മാൻ ജെയ്സൺ റോയ് ഡൽഹി ഡയർ ഡെവിൾസിലും ഓസ്ട്രേലിയൻ വെടിക്കെട്ട് ബാറ്റ്സ്മാൻ ആരോൺ ഫിഞ്ച് ബാംഗളൂർ റോയൽ ചലഞ്ചേഴ്സിലും ആയിരിക്കും ഈ സീസണിൽ കളിക്കുന്നത്. എല്ലാ ടീമുകളും തങ്ങളുടെ പ്രധാന താരങ്ങളെ ടീമിൽതന്നെ നിലനിർത്താൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ഓരോ ടീമുകളിലേയും പ്രധാനപ്പെട്ട വിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു. സൗത്ത് ആഫ്രിക്കൻ ഫാസ്റ്റ് ബോളർ ഡെയിൽ സ്റ്റെയിൻ ഉമേഷ് യാദവിനൊപ്പം ബാംഗളൂർ റോയൽ ചലഞ്ചേഴ്സിന്റെ ബോളിംഗ് നിരക്കൊപ്പമായിരിക്കും കളത്തിലുണ്ടാവുക. ഒന്നരമാസത്തോളം നീണ്ടുനിൽക്കുന്ന ഈ വർഷത്തെ ഐപിഎൽ സീസണിൽ എട്ടു ടീമുകളും അറുപത്തിരണ്ട് മത്സരങ്ങളുമാണ് ഉൾപ്പെടുന്നത്.






# 100 കോടി ക്ലബിൽ മാമാങ്കം

റിലീസ് ചെയ്ത ആദ്യദിനം തന്നെ 23 കോടി കളക്ഷൻ നേടിയെടുത്ത മമ്മൂട്ടിയുടെ സൂപ്പർ ഹിറ്റ് ചിത്രം മാമാങ്കം, 100 കോടി ക്ലബിലും ഇടംപിടിച്ചതായി നിർമാതാവ് വേണു കുന്നപ്പിള്ളി വെളിപ്പെടുത്തി. തമിഴ്, തെലുങ്ക്, ഹിന്ദി ഭാഷകളിലും ചിത്രം പ്രദർശനത്തിനെത്തിയിട്ടുണ്ട്. സിനിമ പ്രദർശനത്തിനെത്തുന്നതിന് മുമ്പു തന്നെ സമൂഹമാധ്യമങ്ങളിലൂടെ മാമാങ്കത്തിനെതിരെ പ്രചാരണം നടത്തിയതുമായി ബന്ധപ്പെട്ട് പ്രതികളെ പോലീസ് ചോദ്യം ചെയ്തിരുന്നു. ചിത്രത്തനെതിരെ നടന്ന അപവാദപ്രചരണം അടങ്ങുന്ന ശബ്ദരേഖയുൾപ്പെടെ നൽകിയ പരാതിയിൽ പോലീസ് കേസും രജിസ്റ്റർ ചെയ്തിരുന്നു. വിവാദങ്ങൾക്കിടയിലും അതിവേഗം നേട്ടങ്ങൾ മറികടക്കുകയാണ് മാമാങ്കം. എം.പദ്മകുമാർ സംവിധാനം ചെയ്ത മാമാങ്കത്തിൽ മമ്മൂട്ടി, ഉണ്ണിമുകുന്ദൻ, സിദ്ധിഖ്, മണികുട്ടൻ, കനിഹ, അനുസിത്താര, ഇനിയ തുടങ്ങിയ വൻ താരനിരതന്നെ ഉൾക്കൊള്ളുന്നു.

## തെരുവുകളിൽ പ്രതിഷേധത്തിന് പാർവതി തിരുവോത്ത്



മുംബൈയിൽ ബോളിവുഡിൽ നിന്നുള്ള ഒട്ടേറെ സിനിമാ പ്രവർത്തകർ പങ്കെടുത്ത പൗരത്വ ഭേദഗതി നിയമത്തിനെതിരായ പ്രതിഷേധപരിപാടികളിലാണ് പാർവതിയും പങ്കാളിയായത്. ബാംഗളൂർ ഡെയ്സ്, എന്ന് നിന്റെ മൊയ്തീൻ, ഉയരെ തുടങ്ങിയ ഒരുപിടി മികച്ച ചിത്രങ്ങളിൽ വേറിട്ട കഥാപാത്രങ്ങളിലൂടെ സിനിമാ ആസ്വാദകരുടെ മനസിൽ ഇടം നേടിയ പാർവതി, തന്റെ സാമൂഹിക പ്രതിബന്ധവും ചങ്കുറപ്പോടെ പിന്തുടരുകയാണ്. പൗരത്വ ഭേദഗതി നിയമത്തിനെതിരെ പ്രതിഷേധിച്ച ജാമിയ മിലിയയിലെ വിദ്യാർഥികൾക്കു നേരെ പോലീസ് നടത്തിയ അക്രമ സംഭവങ്ങൾക്കെതിരെ സോഷ്യൽ മീഡിയയിലും പാർവതി പ്രതിഷേധം അറിയിച്ചിരുന്നു. ജാമിയയ്ക്കൊപ്പം നിലകൊള്ളുക എന്ന ഹാഷ് ടാഗാണ് പാർവതി ഉപയോഗിച്ചത്. 2006ൽ പ്രദർശനത്തിനെത്തിയ റോഷൻ ആൻഡ്രൂസ് സംവിധാനം ചെയ്ത നോട്ട്ബുക്ക്, തമിഴകത്ത് ധനുഷിനൊപ്പം നായികയായി എത്തിയ മരിയൻ, ദുൽഖറിനൊപ്പം നായികയായെത്തിയ സൂപ്പർഹിറ്റ് ചിത്രം 'ചാർലി' എന്നിങ്ങനെ നീളുന്നു എണ്ണത്തിൽ കുറവെങ്കിലും പാർവതിയുടെ കരിയറിലെ ജനപ്രിയ സിനിമകൾ.

# മലയാളത്തിൽനിന്ന് 'ദൃശ്യം' ചൈനയിലും




ജിത്തു ജോസഫ് - മോഹൻലാൽ കൂട്ടുകെട്ടിൽ 2013 ൽ തിയേറ്ററുകളിൽ എത്തിയ സൂപ്പർഹിറ്റ് ചിത്രം ദൃശ്യം ചൈനയിലേക്കും റീമേക്ക് ചെയ്യപ്പെട്ടിരിക്കുന്നു. തമിഴ്, തെലുങ്ക്, ഹിന്ദി, കന്നട എന്നീ ഭാഷകൾക്ക് പുറമെ ശ്രീലങ്കയിലും ദൃശ്യം റീമേക്ക് ചെയ്തിരുന്നു.

ആദ്യമായാണ് ഒരു മലയാള സിനിമ ചൈനീസിലേക്ക് റീമേക്ക് ചെയ്യപ്പെട്ടത്. ആദ്യമായി 50 കോടി ക്ലബിൽ ഇടം നേടിയ മലയാള സിനിമ കൂടിയാണ് ദൃശ്യം. 'ഷീപ്പ് വിത്തൗട്ട് എ ഷെപ്പേർഡ്' എന്ന് പേരിട്ടിരിക്കുന്ന ചൈനീസ് പതിപ്പ് ഡിസംബർ 20നാണ് റിലീസിനെത്തിയത്. അഞ്ച് കോടിക്കടുത്ത് ബജറ്റിൽ ആന്റണി പെരുമ്പാവൂർ നിർമിച്ച 'ദൃശ്യം' കേരളത്തിലെ തിയേറ്ററുകളിൽ 150 ദിവസങ്ങൾക്ക് ശേഷവും വിജയകരമായി പ്രദർശനം തുടർന്നിരുന്നു.

## ക്രിസ്മസ് സീസണിൽ മത്സരിക്കുന്നത് മമ്മൂട്ടിക്കൊപ്പം ദിലീപും ജയസൂര്യയും പൃഥ്വിയും മഞ്ജുവാര്യരും




ബിഗ് ബജറ്റ് ചിത്രം മാമാങ്കത്തിനു പുറമെ ദിലീപിന്റെ 'മൈ സാന്റ', പൃഥ്വിരാജ് നായകനായെത്തുന്ന 'ഡ്രൈവിംഗ് ലൈസൻസ്', ജയസൂര്യ, തൃശൂർക്കാരനായെത്തുന്ന 'തൃശൂർ പൂരം' എന്നിങ്ങനെ നീളുന്നു ഈ ക്രിസ്മസ് കാലം തിയേറ്ററുകളിലെത്തിയ മലയാള സിനിമകൾ. പുതുമുഖ നടൻ ഷെയ്ൻ നിഗം നായകനായെത്തിയ 'വലിയപെരുന്നാള്', മഞ്ജുവാര്യർ നായികയായെത്തിയ 'പ്രതി പൂവൻ കോഴി' എന്നീ സിനിമകൾക്ക് പുറമെ, മാൻഹോൾ എന്ന ചിത്രത്തിന് ശേഷം സംവിധായിക വിധു ഒരുക്കിയ ചിത്രം 'സ്റ്റാൻഡ് അപ്പ്' ഉം മത്സരത്തിന് ആവേശമാകുന്നു. 55 കോടിയോളം മുതൽമുടക്കിൽ നിർമിച്ച് തിയേറ്ററുകളിൽ എത്തിയ മമ്മൂട്ടിയുടെ ബ്രഹ്മാണ്ഡചിത്രം മാമാങ്കം, സോഷ്യൽ മീഡിയയിൽ ഹിറ്റായി മാറിയ ട്രെയ്‌ലറിനോടൊപ്പം ജനശ്രദ്ധയാകർഷിച്ച പാട്ടുകളുമായെത്തിയ തൃശൂർ പൂരം, നായകൻ ഷെയ്നുമായി ബന്ധപ്പെട്ട് വിവാദങ്ങൾ നിലനിൽക്കേ തിയേറ്ററുകളിലെത്തിയ വലിയപെരുന്നാൾ എന്നിങ്ങനെ ഓരോ ചിത്രങ്ങളും തിരക്കേറിയ ഈ സീസണിൽ വേറിട്ട് തന്നെ നിൽക്കുന്നു.